# ദി ഡിഫെൻഡർ

Vol. No. 12 Issue No. 4 RNI Reg. No. 68089 / 97 Published From Perumbavoor 2009 February 16 Price: Rs.100/- P.A.


## റാലി വീണ്ടും പൊട്ടി

റാലി വീണ്ടും ഏഴു നിലയിൽ പൊട്ടി. കെ.സി.ജോൺ, ടി.ജെ.ശാമുവൽ എന്നിവരുടെ നേതൃത്വത്തിൽ ഏപ്രിൽ 2ന് തിരുവനന്തപുരത്തു നടത്താനിരുന്ന റാലിയാണു ചാപിള്ളയായത്. റാലിയിൽ നിന്നു പിൻമാറുന്നതായി ടി.ജെ.ശാമുവൽ സഭാനേതാക്കൻമാരെ അറിയിച്ചു കഴിഞ്ഞു.

കെ.സി.ജോണിനും ടി.ജെ.ശാമുവലിനും ഇന്ത്യൻ രാഷ്ട്രീയത്തിൽ താല്പര്യം തോന്നിയിട്ടു മാസങ്ങൾ പലതായി. പെന്തക്കോസ്തുകാരുടെ ശക്തി തെളിയിക്കുന്ന ഒരു റാലി നടത്തി രാഷ്ട്രീയ നേതാക്കൻമാരെ പേടിപ്പിക്കാനും അതിലൂടെ രാഷ്ട്രീയ നേട്ടങ്ങൾ ഉണ്ടാക്കാനും ഇവർ പദ്ധതിയിടുകയും ചെയ്തു. അതിനായി 2008 ഡിസംബർ 22ന് തിരുവനന്തപുരത്തു പെന്തക്കോസ്ത് റാലി നടത്താൻ തീരുമാനിച്ചിരുന്നു. പക്ഷേ ഡിഫെൻഡറും മറ്റുചില പെന്തക്കോസ്ത് പത്രങ്ങളും ഈ വഴിവിട്ട പോക്കിനെതിരെ ശക്തമായ നിലപാടെടുത്തതുമൂലം റാലി പൊളിഞ്ഞു. കെ.സി.ജോണിനും ടി.ജെ.ശാമുവലിനും നാണക്കേടുണ്ടാക്കിയ സംഭവമായിരുന്നു ഇത്.

എങ്ങനെയെങ്കിലും ഒരു റാലി നടത്തി മുഖം രക്ഷിച്ചില്ലെങ്കിൽ തല പുറത്തു കാണിക്കാനാവില്ല എന്ന സ്ഥിതി വന്നതോടെ ടി.ജെ.ശാമുവലും കെ.സി.ജോണും ചേർന്ന് വീണ്ടും റാലിക്കു പരിപാടിയിട്ടു. മറ്റു ചില സഭകളുടെ നേതാക്കൻമാരേയും ഒപ്പം കൂട്ടി. അങ്ങനെയാണ് ഏപ്രിൽ 2ന് റാലി നടത്താൻ തീരുമാനമായത്. പക്ഷേ ഈ വിവരം അറിഞ്ഞയുടൻ ഡിഫെൻഡർ ഇടപെട്ടു. അതോടെ റാലിയിൽ നിന്നു ചർച്ച് ഓഫ് ഗോഡ് പിൻമാറി. ശാരോൻ രംഗത്ത് ഉണ്ടായിരുന്നുമില്ല. അവശേഷിച്ചത് കെ.സി.ജോണും ടി.ജെ.ശാമുവലും ചില ലൊട്ടുലൊടുക്കു നേതാക്കൻമാരും മാത്രം. പരിപാടി പൊളിയുമെന്നു വ്യക്തമായതോടെ കെ.സി.ജോൺ റാലിക്കാര്യം മറന്ന മട്ടായി. കെ.സി.ജോൺ കാലു വാരുമെന്നു വ്യക്തമായതോടെ



ടി.ജെ.ശാമുവൽ ഒരുമുഴം മുമ്പേ എറിഞ്ഞു. റാലിയിൽ നിന്നു പിൻമാറുന്നതായി ടി.ജെ.ശാമുവൽ സഭാനേതാക്കൻമാരെ അറിയിക്കയും ചെയ്തു.

ഇന്ത്യയിലെ സകല പെന്തക്കോസ്ത് വിശ്വാസികളുടേയും നേതാവാണു കെ.സി.ജോൺ എന്നു രാഷ്ട്രീയക്കാരെ ധരിപ്പിച്ച് ദേശീയ ന്യൂനപക്ഷ കമ്മീഷൻ അംഗത്വം തട്ടിയെടുക്കുകയായിരുന്നു കെ.സിയുടെ ലക്ഷ്യം. ഏതെങ്കിലും ശിങ്കിടിയെ എം.എൽ.എ ആക്കി രാഷ്ട്രീയ സ്വാധീനം ഉണ്ടാക്കാനാണ് ടി.ജെ.ശാമുവൽ ശ്രമിച്ചത്. മറ്റു പെന്തക്കോസ്ത് നേതാക്കൻമാരെ ഇതിനൊക്കെവേണ്ടി കരുവാക്കുകയായിരുന്നു. ഈ വസ്തുതകൾ ഡിഫെൻഡർ പുറത്തു കൊണ്ടുവന്നതോടെ മറ്റു പെന്തക്കോസ്ത് നേതാക്കൻമാർ പിൻമാറി. ഇപ്പോഴിതാ ടി.ജെയും പിൻമാറുന്നു. ചുരുക്കത്തിൽ റാലി സ്വാഹ.

## ഐ.പി.സി. ജനറൽ ഇലക്ഷൻ നേരത്തെ നടത്താൻ ആലോചന

ഐ.പി.സി ജനറൽ ഇലക്ഷനും കേരള സ്റ്റേറ്റ് കൗൺസിൽ ഇലക്ഷനും ഏപ്രിൽ-മെയ് മാസങ്ങൾ നടത്താൻ ആലോചന നടക്കുന്നതായി കുമ്പനാട്ടുനിന്നു ലഭിക്കുന്ന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ഇതേപ്പറ്റി ആലോചിക്കാനായി ഫെബ്രുവരി 25ന് ജനറൽ കൗൺസിൽ ചേരുകയാണ്.

അടുത്ത സെപ്റ്റംബറിൽ നടക്കേണ്ട ഇലക്ഷൻ ഏതാനും മാസം മുൻപു നടത്താൻ പദ്ധതിയിടുന്നതിന്റെ പിന്നിൽ ചില കാരണങ്ങളുണ്ട്. ഇവയിൽ പ്രധാനപ്പെട്ടത് പാസ്റ്റർ ഏബ്രഹാം ഷാജി 2006ൽ റാന്നി മുൻസിഫ് കോടതിയിൽ കൊടുത്തതും പിന്നീട് പത്തനംതിട്ട മുൻസിഫ് കോടതിയിലേക്കു ട്രാൻസ്ഫർ ചെയ്തതുമായ ഒരു കേസ്സാണ്. ഈ കേസ്സിൽ ഏബ്രഹാം ഷാജിക്ക് അനുകൂലമായി വിധിയുണ്ടായാൽ പ്രശ്നമാകും. അതൊഴിവാക്കാനാണ് തിരക്കിട്ടു തെരഞ്ഞെടുപ്പു നടത്തുന്നത്.

2006ൽ നടന്ന തെരഞ്ഞെടുപ്പ് ഐ.പി.സിയുടെ ഭരണഘടനയ്ക്കു വിരോധമായാണു നടന്നത് എന്നാരോപിച്ചാണ് ഐ.പി.സി. പെരുമ്പെട്ടി ഫിലാഡൽഫിയ സഭയുടെ പാസ്റ്ററായ ഏബ്രഹാം ഷാജിയും മറ്റൊരാളും ചേർന്നു കേസ്സ് കൊടുത്തത്. സ്ത്രീകൾക്കു വോട്ടവകാശം നിഷേധിക്കാൻ ഐ.പി.സി ഭരണഘടനയിൽ വകുപ്പില്ല. പക്ഷേ ഐ.പി.സിയുടെ ഭരണഘടനക്കും ഇന്ത്യൻ ഭരണഘടനയുടെ അന്തസ്സത്തയ്ക്കും വിരുദ്ധമായി സ്ത്രീകൾക്കു വോട്ടവകാശം നിഷേധിക്കുന്നു. കൂടാതെ, ഐ.പി.സിയുടെ ഭരണഘടനയിൽ ഇല്ലാത്ത നിരവധി നിബന്ധനകൾ ഉൾക്കൊള്ളിച്ചാണ് 2006ലെ ഇലക്ഷൻ വിജ്ഞാപനം ചെയ്തത്. ഈ വിജ്ഞാപനവും അതനുസരിച്ചു നടത്തിയ ഇലക്ഷനും അസാധുവായി പ്രഖ്യാപിക്കണമെന്ന പേക്ഷിച്ചാണ് ഏബ്രഹാം ഷാജി കേസ്സ് കൊടുത്തിട്ടുള്ളത്.

കോടതി നടപടികൾ പൂർത്തിയാകുന്നതിൽ ഉണ്ടായ കാലതാമസം നിമിത്തം കേസ്സ് ഇതുവരെ തീരുമാനമായിട്ടില്ല. എങ്കിലും ഏതാനും മാസങ്ങൾക്കകം കേസ്സിൽ വിധിയുണ്ടാകാനുള്ള സാദ്ധ്യതയുണ്ട്. ഇലക്ഷൻ നടത്താൻ സെപ്റ്റംബർ വരെ കാത്തിരുന്നാൽ അതിനിടയിൽ വിധി വരുകയും ഇലക്ഷൻ നടത്താൻ പറ്റാതാകുകയും ചെയ്തെന്നു വരാം. ഏപ്രിൽ-മെയ് മാസങ്ങളിൽ ചില ആഴ്ചകളോളം കോടതിക്ക് അവധിയുണ്ടാകും. ആ സമയത്ത് ഇലക്ഷൻ നടത്തി രക്ഷപ്പെടാനാണ് ഐ.പി.സി നേതൃത്വം ശ്രമിക്കുന്നത്.

ഈ രാജ്യത്തു നിലവിലുള്ള ഭരണഘടനയ്ക്കു വിധേയമായി നിലനിൽക്കുന്ന സൊസൈറ്റീസ് ആക്ട് അനുസരിച്ചു രജിസ്റ്റർ ചെയ്ത ഒരു ചാരിറ്റബിൾ സൊസൈറ്റിയാണ് ഐ.പി.സി. സ്ത്രീകൾക്കു വോട്ടവകാശം നിഷേധിക്കുന്ന ഒരു ചട്ടവും ഈ സൊസൈറ്റിയുടെ ബൈലോയിൽ കാണാനുമില്ല. അതുകൊണ്ടു സ്ത്രീകൾക്കും വോട്ടവകാശം നൽകണം എന്നാണു ഹർജിക്കാരുടെ വാദം. കൂടാതെ, ഐ.പി.സിയുടെ ഭരണഘടനയിൽ ഇല്ലാത്ത നിബന്ധനകൾ ഉൾപ്പെടുത്തി ഇലക്ഷൻ വിജ്ഞാപനം പുറപ്പെടുവിക്കുന്നതും അതനുസരിച്ച് ഇലക്ഷൻ നടത്തുന്നതും ചട്ടവിരുദ്ധമാണെന്നും ഹർജിക്കാർ വാദിക്കുന്നു. ഈ വാദങ്ങൾ കോടതി അംഗീകരിച്ചാൽ ഐ.പി.സി നേതാക്കൻമാർ കുഴയും.

കേസ്സ് കൂടാതെ മറ്റൊരു പ്രശ്നവും നേതാക്കൻമാരെ അലട്ടുന്നുണ്ട്. സെപ്റ്റംബറിൽ ഇലക്ഷൻ നടത്തിയാൽ മിക്ക നേതാക്കൻമാരുടേയും അമേരിക്കൻ കൊയ്ത്ത് നടക്കാതാകും. അമേരിക്കയിൽ വിവിധ കൺവൻഷനുകൾ നടക്കുന്ന ജൂൺ-ആഗസ്റ്റ് മാസങ്ങളിൽ വോട്ടു പിടിക്കാനും പാരപണിയാനും മറ്റുമായി ഇന്ത്യയിൽ തങ്ങുന്നത് വലിയ സാമ്പത്തിക നഷ്ടമുണ്ടാക്കും. മെയ് മാസം അവസാനിക്കുന്നതിനു മുമ്പ് ഇലക്ഷൻ നടത്തിയാൽ ഈ പ്രശ്നങ്ങളൊക്കെ തീർത്ത് വാഗ്ദത്ത നാട്ടിലേക്കു പറക്കാം.

## കെ.സിയുടെ ഇതിഹാസം: ഒരു ഫ്ളാഷ്ബാക്ക്

ചില മാസങ്ങൾക്കു മുൻപ് കെ.സി.ജോൺ ഹാലേലൂയ്യാ ദ്വൈവാരികയിലൂടെ ഒരു പ്രഖ്യാപനം നടത്തി. താൻ ദുർന്നടപ്പുകാരനല്ലെന്നും മറിച്ചുള്ള ആരോപണങ്ങൾ വ്യാജമാണെന്നും ആയിരുന്നു കെ.സി.ജോൺ പറഞ്ഞത്. ഈ പ്രഖ്യാപനം വായിച്ച നിരവധി ആളുകൾ കെ.സി.ജോണിന്റെ ദുർന്നടപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ ഡിഫെൻഡറിന് അയച്ചുതരുകയുണ്ടായി. അവയിൽ ചിലതു ഡിഫെൻഡറിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. ബാക്കിയുള്ളവ പിന്നീടു പ്രസിദ്ധീകരിക്കാനായി ഫയലിൽ സൂക്ഷിച്ചിട്ടുമുണ്ട്. ഇത്തരത്തിലുള്ള ഒരു സംഭവകഥയാണ് ഇനി പറയുന്നത്.

കുറെ വർഷങ്ങൾക്കു മുൻപ് കെ.സി.ജോണിന്റെ ഒരു സുഹൃത്ത് തിരുവല്ലയിൽ ഒരു സ്ഥാപനം തുടങ്ങി. (ഇപ്പോഴും ഈ സ്ഥാപനമുണ്ട്). ഒരു ദിവസം കെ.സി.ജോൺ ഈ സ്ഥാപനത്തിലെത്തി. അധികം ഉപയോഗമില്ലാത്ത ഒരു മുറി അവിടെയുണ്ടെന്ന വസ്തുത കെ.സി.ജോൺ അറിഞ്ഞത് അങ്ങനെയാണ്. തിരുവല്ലയിൽ ഒരു ഓഫീസ് എന്ന നിലയിൽ ഉപയോഗിക്കാൻ ഈ



മുറി കെ.സി.ജോൺ ആവശ്യപ്പെടുകയും സുഹൃത്ത് നൽകുകയും ചെയ്തു. അങ്ങനെ കെ.സി.ജോൺ ആ മുറിയിൽ വന്നിരിക്കാൻ തുടങ്ങി.

ഏറെ താമസിയാതെ കെ.സി.ജോണിനെ കാണാൻ ചില സ്ത്രീകൾ മുറിയിൽ വരുക പതിവായി. ടി.എസ്.ഏബ്രഹാമിന്റെ മകളായ മേഴ്സി എന്ന സ്റ്റാർലെ ആയിരുന്നു സന്ദർശകരിൽ പ്രധാനി. മേഴ്സി വന്നാൽ കുറച്ചധികം സമയം കഴിഞ്ഞേ മടങ്ങിപ്പോകൂ. കെ.സി.ജോൺ മഹാവിശുദ്ധനായതുകൊണ്ട് ഇതിൽ അസാധാരണമായി ഒന്നുമുള്ളതായി സുഹൃത്തിനു തോന്നിയതുമില്ല. അങ്ങനെ കാര്യങ്ങളൊക്കെ ഭംഗിയായി നടന്നു വരുന്നതിനിടയിലാണ് അപ്രതീക്ഷിതമായ ഒരു അക്കിടി പിണഞ്ഞത്.

ഒരു ദിവസം മേല്പടി സുഹൃത്തിന്റെ പിതാവ് ഈ സ്ഥാപനത്തിലെത്തി. മകന്റെ സ്ഥാപനം എങ്ങനെ നടക്കുന്നു എന്നു നേരിൽ കാണാനാണ് അദ്ദേഹം വന്നത്. ഓരോ മുറിയും കണ്ടു നടക്കുന്നതിനിടയിൽ കെ.സി.ജോണിന്റെ മുറിയുടെ വാതിൽക്കലും എത്തി. (ആ മുറി കെ.സി.ജോണിനു വിട്ടുകൊടുത്ത വിവരം പിതാവ് അറിഞ്ഞിരുന്നില്ല). മുറി അകത്തുനിന്ന് അടച്ചിരിക്കയായിരുന്നതിനാൽ ഉള്ളിലേക്കു കടക്കാൻ കഴിഞ്ഞില്ല. എങ്കിലും മുറിയിൽ വെളിച്ചം ഉള്ളതിനാൽ ആരോ മുറിയിൽ ഉണ്ടെന്നു മനസ്സിലായി. ഗ്ലാസിട്ട ഒരു ചെറിയ ഭാഗം വാതിലിലുണ്ട്. പക്ഷേ ഉള്ളിൽ കർട്ടൻ ഉള്ളതിനാൽ ഒന്നും കാണാൻ വയ്യ. കർട്ടന്റെ ഒരു ഭാഗം അല്പം മാറിക്കിടക്കുന്നത് പിതാവു ശ്രദ്ധിച്ചു. ആ വിടവിലൂടെ അദ്ദേഹം ഉള്ളിലേക്കു നോക്കി. അവിടെ കണ്ട കാഴ്ച അദ്ദേഹത്തിനു വിശ്വസിക്കാൻ കഴിഞ്ഞില്ല. (അദ്ദേഹം കണ്ടതെന്താണെന്ന് ഡിഫെൻഡർ പറയുന്നില്ല. മാന്യമായ ഭാഷയിൽ പറയാൻ പറ്റില്ല എന്നതുതന്നെ കാരണം).

ഉടൻ പിതാവ് മകന്റെ അടുത്തെത്തി 'ആരാണാ മുറിയിൽ' എന്നു ചോദിച്ചു. 'കെ.സി.ജോൺ' എന്നു മകൻ പറഞ്ഞു. 'കൂടെയുള്ള സ്ത്രീ ആരാണ്?' എന്നായി പിതാവ്? 'ടി.എസ്.ഏബ്രഹാമിന്റെ മകൾ മേഴ്സി'. എത്രയും വേഗം മുറിപൂട്ടി താക്കോൽ തന്റെ കൈവശം എത്തിക്കണം എന്നു പറഞ്ഞിട്ടു പിതാവ് മടങ്ങിപ്പോയി. പറഞ്ഞതു പിതാവല്ലേ, അനുസരിക്കാതെ പറ്റില്ലല്ലോ. അതുകൊണ്ട് കെ.സി.ജോണിനെ നേരിൽ കണ്ട് സുഹൃത്ത് വിവരമെല്ലാം ധരിപ്പിച്ചു. അങ്ങനെ കെ.സി.ജോണിനേയും മേഴ്സിയേയും ഇറക്കിവിട്ട് മുറിപൂട്ടി.

ഇങ്ങനെയൊന്നും സംഭവിച്ചിട്ടില്ലെന്നും ഡിഫെൻഡർ കള്ളം പറയുകയാണെന്നും കെ.സി.ജോൺ പതിവുപോലെ പറഞ്ഞേക്കാം. പക്ഷേ ഏതു കോടതിയും അംഗീകരിക്കുന്ന സാക്ഷികളെ ഡിഫെൻഡർ തെളിവായി ഹാജരാക്കാം. കെ.സി.ജോണിന് ഈ വെല്ലുവിളി ഏറ്റെടുക്കാൻ ധൈര്യമുണ്ടോ?

### പകൽക്കാലം

പരമോന്നത ബഹുമതി പദ്മശ്രീയാണെന്ന്!?

ഭാരതരത്നം പരമോന്നതത്തിന്റെ ഉന്നതമായിരിക്കും.



പരമോന്നത ബഹുമതിയാണു പദ്മശ്രീയെന്ന് ഒരു പെന്തക്കോസ്ത് പത്രം. (വാർത്ത)

ദി ഡിഫെൻഡർ
Vol. No.12 Issue No.4 2009 February 16

# ഇതോ ഉണർവ്വ്?

പെന്തക്കോസ്ത് കൺവൻഷനുകൾ പൊതുവെ ഉണർവ്വുയോഗങ്ങളായാണ് അറിയപ്പെടുന്നത്. ഉണർവ്വുണ്ടായില്ലെങ്കിൽ കൺവൻഷൻ പരാജയമായിരുന്നു എന്നു വിധിയെഴുതും. പക്ഷേ എന്താണ് ഉണർവ്വ്? ആകെക്കൂടി ഒരു ബഹളം: ഇതാണ് പെന്തക്കോസ്തുകാരുടെ ഉണർവ്വ്.

ഉറങ്ങുക, ഉണരുക തുടങ്ങിയ വാക്കുകൾ നാം നിത്യജീവിതത്തിൽ ഉപയോഗിക്കുന്നതാണ്. അതുകൊണ്ട് ഈ വാക്കുകളുടെ അർത്ഥവും നമുക്കറിയാം. ഉറങ്ങിക്കിടക്കുന്നവൻ മരിച്ചു കിടക്കുകയല്ല. അവനു ജീവനുണ്ട് എന്നതുതന്നെ കാരണം. പക്ഷേ ഉറങ്ങിക്കിടക്കുന്നവന് ബോധമില്ല. അവൻ കാര്യമായ പ്രവൃത്തികളൊന്നും ചെയ്യുന്നുമില്ല. ഇതാണ് ആത്മീയ ഉറക്കത്തിന്റെ കാര്യത്തിലും സംഭവിക്കുന്നത്. ജീവനുള്ളവൻ എന്നു പേരുണ്ടെങ്കിലും മരിച്ച സ്ഥിതിയിൽ കിടക്കുകയാണ്. താൻ ആരാണെന്ന ബോധം അവനില്ല. ആത്മീയമായി ഒരു പ്രവർത്തനവും നടത്തുന്നുമില്ല.

ഉറങ്ങിക്കിടക്കുന്ന വ്യക്തി തിരിയുകയും മറിയുകയും മറ്റും ചെയ്തേക്കാം. കൈയ്യും കാലും ഇട്ടടിക്കുക, ഉറക്കപ്പിച്ചു പറയുക, എഴുന്നേറ്റു നടക്കുക തുടങ്ങിയവയും ചെയ്തേക്കാം. ഉറക്കത്തിൽ കരയുകയും ചിരിക്കുകയും ചെയ്യുന്നവരുമുണ്ട്. പക്ഷേ ആ വ്യക്തി ഉണർന്നു എന്നതിനു തെളിവായി ഈ ചേഷ്ടകളൊന്നും പരിഗണിക്കാനാവില്ല.

ആത്മീയ ഉണർവ്വിന്റെ കാര്യത്തിലും ഈ പറഞ്ഞതൊക്കെ ശരിയാണ്. കൈയ്യടിക്കുക, അന്യഭാഷ പറയുക, ചിരിക്കുക, കരയുക, എഴുന്നേറ്റു നടക്കുക തുടങ്ങിയതൊക്കെ ആത്മീയ ഉറക്കത്തിലുള്ളവർക്കും ചെയ്യാൻ കഴിയും. പക്ഷേ യഥാർത്ഥ ഉണർവ്വിന്റെ ലക്ഷണമല്ല ഇതൊന്നും. ഉണരുമ്പോൾ ബോധമുണ്ടാകും. ആത്മീയമായി ഉണർവ്വുണ്ടായാൽ പാപബോധമുണ്ടാകും. വീണുകിടക്കുന്നവൻ എഴുന്നേൽക്കും. നൻമയും തിൻമയും തിരിച്ചറിയാൻ കഴിവുണ്ടാകും. സുബോധത്തോടെ സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യും.

എന്തെങ്കിലും വിവരക്കേടു പ്രസംഗിച്ചിട്ട് മേശയിലടിക്കുകയോ നിലത്തു ചവിട്ടുകയോ ചെയ്യുമ്പോൾ ഉറങ്ങിക്കിടക്കുന്നവൻ കൈകാലിട്ടടിക്കയോ പിച്ചും പേയും പറയുകയോ ചെയ്തെന്നു വരാം. അത് ഉണർവ്വായി തെറ്റിദ്ധരിക്കരുത്. ജനത്തിനു പാപബോധമുണ്ടാക്കാത്ത ഉണർവ്വ് ആത്മീയ ഉണർവ്വല്ല, വെറും ഉറക്കപ്പിച്ചു മാത്രമാണ്.

**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**
*Please Visit:* **www.tsbalan.com**
**OR www.tsbalan.org**
ബൈബിൾ റേഡിയോ
**www.thebibleradio.com**
**For more Details: tsbalan@yahoo.com**

**വാർഷിക വരിസംഖ്യ**
ഇന്ത്യയിൽ: 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ: 1000 രൂപ
വിദേശം: (വാർഷിക വരിസംഖ്യ)
അമേരിക്ക: 30 ഡോളർ
മറ്റു രാജ്യങ്ങൾ: 800 രൂപ
**വിലാസം:**
**റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ**
**കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം.**
(ചെക്ക്/ഡി.ഡി. അയയ്ക്കുന്നവർ റ്റി.എസ്.ബാലൻ എന്ന പേരെഴുതി അയയ്ക്കുക. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല)

# സത്യം സത്യമായി

ഇതു യാത്രക്കാരുടെ സീസണാണ്. വെറും യാത്രയല്ല തെക്കുവടക്കു നടക്കുകയാണ്. അല്പംകൂടി കൃത്യമായി പറഞ്ഞാൽ വടക്കൂന്നു തെക്കോട്ടു പായുകയാണ്. (തെക്കോട്ടെടുക്കുക എന്നും പറയാം). ഒരു കൂട്ടർ ഇടതുവശം ചേർന്നു നടക്കുമ്പോൾ മറുപക്ഷം വലതുവശത്തുകൂടിയാണു നടക്കുന്നതെന്ന വ്യത്യാസമേയുള്ളൂ. രണ്ടു കൂട്ടരുടേയും ലക്ഷ്യം ഒന്നുതന്നെ. നടപ്പെല്ലാം കഴിഞ്ഞു വരുമ്പോൾ ജനം ചിലരെയൊക്കെ ഓടിക്കും. അവർ ഓടുന്ന വഴിയിൽ പിന്നീടു പുല്ലുപോലും കിളർക്കുകയില്ല.

ഇടതുവലതു ഭാഗങ്ങളിൽ നിന്നു സമദൂരം കാത്തു സൂക്ഷിച്ച് കൃത്യം നടുവിലൂടെ നടന്നിരുന്ന പിള്ളേച്ചൻമാർ ഇപ്പോൾ ഏതെങ്കിലും ഒരു വശത്തേക്കു മാറാനുള്ള ആലോചനയിലാണ്. രണ്ടു വള്ളത്തിലും കാലുവച്ചാലുള്ള ആപത്ത് അനുഭവിച്ചറിഞ്ഞതുകൊണ്ടാണ് ഈ മനംമാറ്റം. പക്ഷേ ഏതു വശത്തേക്കാണു മാറേണ്ടതെന്നു തീരുമാനിച്ചിട്ടില്ല.

യു.ഡി.എഫുമായി ഒരു വിധത്തിലുള്ള സഖ്യവുമില്ലെന്ന് പുത്രൻജി അറുത്തുമുറിച്ചു പറഞ്ഞിരിക്കുന്നു. പാർലമെന്റ് തെരഞ്ഞെടുപ്പിനു മുമ്പ് എൻ.സി.പിക്ക് മുന്നണിബന്ധം ഉണ്ടാകും എന്ന് ഏതാനും മാസം മുൻപു പറഞ്ഞു. യു.ഡി.എഫുമായി സഖ്യമുണ്ടാക്കുകയില്ലെന്നും അക്കൂട്ടത്തിൽ പറഞ്ഞിരുന്നു. അതു കഴിഞ്ഞ് നിലപാടു മാറ്റി. 20 മണ്ഡലങ്ങളിലും ഒറ്റയ്ക്കു മത്സരിക്കും എന്നായി ഭീഷണി. കോൺഗ്രസ്സുമായി മറ്റു സംസ്ഥാനങ്ങളിലെല്ലാം സഖ്യമുള്ളതുകൊണ്ട് കേരളത്തിലും സഖ്യമുണ്ടാക്കും എന്ന് മാറ്റിപ്പറയാൻ ഏറെക്കാലം വേണ്ടിവന്നില്ല. ഇപ്പോഴിതാ വീണ്ടും പ്ലേറ്റ് മാറ്റിയിരിക്കുന്നു. ‘‘ഞങ്ങളെ ആർക്കും വേണ്ട. ഞങ്ങൾ ഇനി എന്തുചെയ്യും!’’ എന്നാണ് യഥാർത്ഥത്തിൽ പറയേണ്ടത്. പക്ഷേ അങ്ങനെ പറയാൻ പറ്റില്ലല്ലോ. അതുകൊണ്ടാണ് ഇങ്ങനെ തിരിച്ചും മറിച്ചും പറയുന്നത്. 20 മണ്ഡലങ്ങളിലും മത്സരിച്ച് കെട്ടിവച്ച കാശുപോലും നഷ്ടമാക്കുകയാണ് ഇനിയുള്ള ഏക പോംവഴി.

ഡി.ഐ.സി. ഉണ്ടാക്കാനായി നഷ്ടപ്പെടുത്തിയ രാജ്യസഭാംഗത്വം തിരിച്ചു കിട്ടുമെന്ന പ്രതീക്ഷയിലായിരുന്നു ലീഡർജി. അതിനായി ചിലരെ ഡൽഹിക്കു വിടുകയും ചെയ്തിരുന്നു. പക്ഷേ വിദ്യ ഫലിച്ചില്ല. മണ്ണും ചാരി നിന്നവൻ പെണ്ണിനെ കൊണ്ടുപോയി. പണ്ടു വേണ്ടെന്നു പറഞ്ഞ ഗവർണ്ണർ സ്ഥാനമെങ്കിലും കിട്ടിയാൽ മതി എന്ന ചിന്തയിലാണ് ചങ്ങാതിയിപ്പോൾ. മകൾക്കു പാർലമെന്റ് സീറ്റ് കിട്ടുകകൂടി ചെയ്താൽ കുശാലാകും. പക്ഷേ മോഹങ്ങൾ പൂവണിയുമോ എന്നു കണ്ടു തന്നെ അറിയണം.

ആങ്ങള ചത്താലും വേണ്ടില്ല, നാത്തൂന്റെ കണ്ണുനീർ കണ്ടാൽ മതി എന്നു പറഞ്ഞതുപോലെയുള്ള സ്ഥിതിയാണ് ആർ.എസ്.പിയിൽ ഉള്ളത്. ഒരു രാജ്യസഭാസീറ്റ് ചോദിച്ചിരുന്നെങ്കിൽ കിട്ടുമായിരുന്നു. കിട്ടുമോ എന്നു നിശ്ചയമില്ലാത്ത കൊല്ലം ലോക്സഭാ സീറ്റിനുള്ള അവകാശവാദം ഉപേക്ഷിക്കേണ്ടതായി വരും എന്ന കുഴപ്പമേ ഉണ്ടായിരുന്നുള്ളൂ. പക്ഷേ ആർ.എസ്.പി മിണ്ടിയില്ല. ലോക്സഭാ സീറ്റ് കൈവിടാനുള്ള മടിയാണോ കാരണം? അല്ലെന്നു വ്യക്തം. സംഗതി മറ്റൊന്നാണ്. രാജ്യസഭാ സീറ്റ് കിട്ടിയാൽ അത് അഖിലേന്ത്യാ സെക്രട്ടറിയായ ചന്ദ്രചൂഡനു നൽകേണ്ടതായിവരും. അതുകൊണ്ട് രാജ്യസഭാ സീറ്റ് വേണമെന്നേ പറഞ്ഞില്ല. ഉൾപാർട്ടി ജനാധിപത്യം എന്നൊക്കെ പറയുന്നത് ഇതല്ലേ കുറുപ്പേ?

രാജ്യസഭാസീറ്റ് കിട്ടാൻ മാണിസാർ ആവതെല്ലാം ചെയ്തു. പക്ഷേ ഫലം നാസ്തി. ഒരു ഫലവുമുണ്ടായില്ല എന്നു തീർത്തു പറയാനാവില്ല. കാരണം, അല്പം ഗുണമുണ്ടാകാതിരുന്നില്ല. കോട്ടയം സീറ്റ് ഉറച്ചു എന്നതാണ് ഒരു ഗുണം. ഇനി എന്നെങ്കിലും രണ്ടു രജ്യസഭാസീറ്റ് ഒഴിവുണ്ടായാൽ ഒന്നു ലഭിക്കും എന്നതാണ് രണ്ടാമത്തെ ഗുണം. രാജ്യസഭാസീറ്റ് കിട്ടിയിരുന്നെങ്കിൽ കോട്ടയം സീറ്റ് നഷ്ടപ്പെടുമായിരുന്നു. അത് ഒഴിവായെന്നു മാത്രമല്ല പുത്രൻജിയെ അവിടെ നിർത്തി ജയിപ്പിച്ച് എം.പി ആക്കാനും ഇനി ബുദ്ധിമുട്ടില്ല.

അധികാരം കിട്ടുമ്പോൾ നിഷ്പക്ഷനാകുന്നവർ വർഗ്ഗവഞ്ചകരാണെന്നു ഗജരാജമന്ത്രി പ്രഖ്യാപിച്ചു. പക്ഷേ ആരാണ് ഈ കൊലച്ചതി ചെയ്തതെന്നു മാത്രം പറഞ്ഞില്ല. ഉടൻ തന്നെ സെക്രട്ടറി ഈ പ്രസ്താവനയ്ക്കു ഭാഷ്യം ചമച്ചു. ആ മഹാപാപി സോമനാഥാണ്, വി.എസ്സ് അല്ല. അതോടെ അപ്പൻ പത്തായത്തിലില്ലെന്ന് ഏവർക്കും മനസ്സിലാകുകയും ചെയ്തു.

ഈ സി.ബി.ഐ ഇങ്ങനെ തുടങ്ങിയാൽ രാഷ്ട്രീയക്കാർ എന്തുചെയ്യും? മന:സമാധാനത്തോടെ അഴിമതി നടത്താൻ പറ്റില്ലെങ്കിൽ രാഷ്ട്രീയവുമായി നടക്കുന്നതെന്തിന്? അഴിമതി നടത്തിയവർക്ക് ഇനിയുള്ളകാലം അഴി മതി എന്നാണ് സി.ബി.ഐ പറയുന്നത്. ഈ കളി ഇവിടെ വേണ്ട. ഇതു പാർട്ടി വേറെ.

## ഈ വചനം വിശ്വാസയോഗ്യമാകുന്നു.......

അന്ത്യകാലത്തു ദുർഘടസമയങ്ങൾ വരും എന്നറിയുക. മനുഷ്യർ സ്വസ്നേഹികളും ദ്രവ്യാഗ്രഹികളും വമ്പു പറയുന്നവരും അഹങ്കാരികളും ദൂഷകൻമാരും അമ്മയപ്പൻമാരെ അനുസരിക്കാത്തവരും നന്ദികെട്ടവരും അശുദ്ധരും വാത്സല്യമില്ലാത്തവരും ഇണങ്ങാത്തവരും ഏഷണിക്കാരും അജിതേന്ദ്രിയൻമാരും ഉഗ്രൻമാരും സൽഗുണദ്വേഷികളും ദ്രോഹികളും ധാർഷ്ട്യക്കാരും നിഗളികളുമായി ദൈവപ്രിയമില്ലാതെ ഭോഗപ്രിയരായി ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി ത്യജിക്കുന്നവരുമായിരിക്കും. അങ്ങനെയുള്ളവരെ വിട്ടൊഴിയുക. വീടുകളിൽ നൂണുകടക്കുകയും പാപങ്ങളെ ചുമന്നുകൊണ്ടു നാനാമോഹങ്ങൾക്കും അധീനരായി ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി ത്യജിക്കുന്നവരുമായിരിക്കും. അങ്ങനെയുള്ളവരെ വിട്ടൊഴിയുക.
2 തിമോ. 3: 1-7

**ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?**
തികച്ചും നിയമാനുസൃതമായി ചാരിറ്റബിൾ സൊസൈറ്റികളോ ട്രസ്റ്റുകളോ ഉണ്ടാക്കാനും നടത്താനും നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? എങ്കിൽ ഡിഫെൻഡർ നിങ്ങളെ സഹായിക്കാം:
ചാരിറ്റബിൾ ട്രസ്റ്റുകൾ, സൊസൈറ്റികൾ തുടങ്ങിയവ ഉണ്ടാക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നു.
ട്രസ്റ്റ് ഡീഡ്/സൊസൈറ്റിയുടെ ബൈലോ ഉണ്ടാക്കി കൊടുക്കുന്നു.
ആദായനികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ വിവരങ്ങൾ നൽകുന്നു.
കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:
**റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ**
**കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ.** 683542
ഫോൺ: **0484-3232356. Mob: 96564 32921**

# ബഥേൽ ഇന്ത്യയിലുണ്ട്



പരിശുദ്ധ ബഥേൽ പി. ജേക്കബ് ഇപ്പോൾ ഇന്ത്യയിലുണ്ട്. തകർന്നു തരിപ്പണമായ സാമ്രാജ്യം പുനരുദ്ധരിക്കയാണ് ആഗമനോദ്ദേശ്യം. പക്ഷേ പ്രതീക്ഷിച്ചതുപോലെ കാര്യങ്ങൾ നീങ്ങുന്നില്ല എന്നതാണു പ്രശ്നം.

ജനുവരി അവസാന ദിവസങ്ങളിൽ ഈ മാന്യദേഹം ഇന്ത്യയിലെത്തി. കാശിനാഥനോടൊപ്പം ഗുജറാത്തിൽ ചില ചെറിയ യോഗങ്ങൾ നടത്തി. വലിയ കൺവൻഷൻ നടത്തണമെന്നും മറ്റുസഭകളിൽ നിന്നു ചില പാസ്റ്റർമാരെ ചാക്കിട്ടു പിടിക്കണമെന്നുമായിരുന്നു ആഗ്രഹം. പക്ഷേ അതൊന്നും നടന്നില്ല. ഏതാനും ചെറിയ യോഗങ്ങൾ നടത്തി. അഞ്ചു പാസ്റ്റർമാർക്ക് ബൈക്ക് വാങ്ങിക്കൊടുത്തു. പാസ്റ്റർമാരാണെന്നു പറഞ്ഞു ബൈക്ക് സ്വീകരിച്ചവരിൽ മൂന്നുപേർ പാസ്റ്റർമാരല്ല എന്നതു രഹസ്യം.

ഗുജറാത്തിലെ കലാപരിപാടി കഴിഞ്ഞ് മദ്ധ്യപ്രദേശിലേക്കു പോയി. ഈ ലക്കം ഡിഫെൻഡർ പ്രസ്സിൽ കൊടുക്കുന്ന സമയത്ത് ബഥേൽ മദ്ധ്യപ്രദേശിലുണ്ട്. അവിടെയും പ്രവർത്തനങ്ങൾ കുത്തഴിഞ്ഞ സ്ഥിതിയിലാണ്. നേതൃസ്ഥാനത്തുണ്ടായിരുന്ന വിശുദ്ധൻ ആദ്യ ഭാര്യയെ ഉപേക്ഷിച്ച് മറ്റൊരു സ്ത്രീയോടൊപ്പമാണു പൊറുതി. അതുകൊണ്ട് ശരിക്കുള്ള ദൈവദാസൻമാരെല്ലാം വിട്ടുപോയി.

മദ്ധ്യപ്രദേശിൽ നിന്നു യു.പിയിലേക്കു പോകും. കാശിനാഥനു വീടു വാങ്ങിക്കൊടുക്കണമെന്നുണ്ട്. പക്ഷേ ബാലന്റെ ശല്യം കാരണം ഒന്നും ചെയ്യാൻ വയ്യാത്ത സ്ഥിതിയാണ്.

# അവറാൻ ചവറിലില്ല

ശ്രീമാൻ അവറാനെ ഈയിടെയായി ചവറിൽ കാണാനില്ല. പരിപാടി സ്ഥിരമായി നിർത്തിയതാണോ അതോ താത്ക്കാലികമായ എന്തെങ്കിലും അഡ്ജസ്റ്റ്മെന്റ് ആണോ എന്ന് അറിഞ്ഞുകൂടാ. ആദ്യകാലങ്ങളിൽ തിങ്കൾ മുതൽ ശനി വരെയുള്ള ദിവസങ്ങളിൽ അവറാന്റെ വിവരക്കേടുകൾ സംപ്രേഷണം ചെയ്തിരുന്നു. പിന്നീടു തിങ്കൾ മുതൽ വ്യാഴം വരെയായി ചുരുങ്ങി. അടുത്തകാലത്ത് ബുധൻ, വ്യാഴം ദിവസങ്ങളിൽ മാത്രമായി അവറാന്റെ ലീലാവിലാസം. കഴിഞ്ഞ ചില ആഴ്ചകളായി അതുമില്ല. അവറാൻ ഔട്ട്. ഇതെന്തു മറിമായം? വല്ലപ്പോഴും ഒരു നേരമ്പോക്കിനുള്ള വഹ കിട്ടിയിരുന്നതും ഇല്ലാതാക്കുകയാണോ?

# ആരാധനയിൽ സാരിയഴിയും

''ബന്ധനമഴിയും കെട്ടുകളഴിയും ആരാധനയിങ്കൽ'' എന്നൊരു പാട്ടുകാരൻ പറഞ്ഞു. പക്ഷേ ആരാധനയിൽ സാരിയും അഴിയുമെന്ന് ഈയിടെ അവറാൻ കണ്ടുപിടിച്ചു. സംഭവം ഇപ്പടി:

അവറാൻ ഒരു കൺവൻഷനിൽ പ്രസംഗിക്കയാണ്. ജനത്തേക്കൊണ്ട് അല്പം ആരാധിപ്പിച്ച് ഉണർവ്വു വരുത്തിയില്ലെങ്കിൽ പ്രസംഗം മോശമായിരുന്നു എന്ന് ആരോപണമുണ്ടാകും. അതുകൊണ്ട് ആരാധിക്കാനുള്ള ആഹ്വാനം നടത്തി. ഒപ്പം ഇങ്ങനെ പറയുകയും ചെയ്തു: ''നാം ആരാധിക്കാൻ പോകുകയാണ്. അതു കൊണ്ട് സഹോദരിമാർ സാരി നല്ലതുപോലെ മുറുക്കി ഉടുക്കുക''. (ആമേൻ).

# ഡിഗ്രിക്കാർക്കു മറുപടിയില്ല

ചർച്ച് ഓഫ് ഗോഡ് യു.എ.ഇ ഓവർസിയറായ കെ.ഒ.മാത്യുവിന്റെ ഡോക്ടറേറ്റ്, അവിടെത്തന്നെയുള്ള ഒരു പാസ്റ്ററായ എം.വി. സൈമണിന്റെ എം.റ്റി.എച്ച് എന്നിവ ഒറിജിനലാണോ എന്നു വ്യക്തമാക്കണം എന്നു കഴിഞ്ഞലക്കം ഡിഫെൻഡറിൽ ആവശ്യപ്പെട്ടിരുന്നു. ഈ ലക്കം പ്രസ്സിൽ കൊടുക്കുന്നതുവരെ വിശദീകരണമൊന്നും ലഭിച്ചിട്ടില്ല. ഏതായാലും അല്പ സമയംകൂടി കൊടുക്കുന്നു. അതിനുള്ളിൽ വിശദീകരണം ലഭിച്ചില്ലെങ്കിൽ ഇവരുടെ ഡിഗ്രികൾ വ്യാജമാണെന്ന് ഉറപ്പിക്കുകയും ആ വിവരം ഡിഫെൻഡറിലൂടെ പരസ്യപ്പെടുത്തുകയും ചെയ്യുന്നതാണ്.

# ഡോ ഒറിജിനലല്ല

സുവിശേഷപ്രസംഗകനും ഗ്രന്ഥകാരനുമായ തോമസ് മാമ്മന്റെ ഡോക്ടറേറ്റ് ഒറിജിനലല്ല എന്ന് തോമസ് മാമ്മൻ ഡിഫെൻഡറിനെ അറിയിച്ചു. ഒരു വിദേശ രാജ്യത്തുനിന്ന് ഓണററിയായി കിട്ടിയതാണ് ഈ ഡോക്ടറേറ്റെന്നാണ് അദ്ദേഹം പറഞ്ഞത്. ഡോ.തോമസ് മാമ്മൻ എന്ന് എഴുതുന്നത് ഒഴിവാക്കണമെന്നു ഡിഫെൻഡർ ആവശ്യപ്പെട്ടിട്ടുണ്ട്. അദ്ദേഹം ചുമ്മാഡോ ഒഴിവാക്കി മാതൃക കാണിക്കുമെന്നു ഡിഫെൻഡർ പ്രത്യാശിക്കുന്നു.

# കടമറ്റം സേവയും അല്പം



പ്രവാചകൻ എന്ന ലേബലിലാണ് മോനച്ചൻ അറിയപ്പെടുന്നത്. കൃത്യമായ പ്രവചനമാണ് മോനച്ചൻ നടത്തുന്നതെന്നു ചിലർ പറയാറുമുണ്ട്. കൃത്യമായ ഒരു പ്രവചനം ന്യൂയോർക്കിൽ നടത്തിയതെങ്ങനെയെന്നു കഴിഞ്ഞ ലക്കം ഡിഫെൻഡറിൽ വിശദീകരിച്ചിരുന്നല്ലോ. ഈ വിധത്തിലാണു മോനച്ചൻ പ്രവചിക്കുന്നത്.

മോനച്ചന്റെ പ്രവചനവുമായി ബന്ധപ്പെട്ട് മറ്റൊരു കഥ കൂടി അറിയാൻ കഴിഞ്ഞു. തികച്ചും അവിശ്വസനീയമായി തോന്നിയതുകൊണ്ട് കൂടുതൽ അന്വേഷണം നടത്തി വസ്തുതകൾ ഉറപ്പിച്ചശേഷമാണ് ഇതെഴുതുന്നത്.

ഒരിക്കൽ ഒരു ദൈവദാസൻ ഗൾഫിൽ നിന്നു നാട്ടിലെത്തി. പത്തനാപുരത്തിനടുത്താണു വീട്. ഒരു യാത്രയ്ക്കായി അദ്ദേഹം ഒരു ടാക്സി വിളിച്ചു. യാത്രക്കാരൻ പെന്തക്കോസ്തുകാരനാണെന്നറിഞ്ഞതോടെ ടാക്സി ഡ്രൈവർക്കു സന്തോഷം. ഗൾഫിൽ നിന്നു വന്നതാണെന്നുകൂടി അറിഞ്ഞതോടെ സന്തോഷം ഇരട്ടിച്ചു. കുറെ ഓട്ടം കിട്ടുമെന്ന പ്രതീക്ഷയിലാണ് ടാക്സിക്കാരൻ സന്തോഷിക്കുന്നത്.

യാത്രയ്ക്കിടയിൽ ടാക്സി ഡ്രൈവർ ഒരു നിർദ്ദേശം വച്ചു: കടമറ്റം, വേളാങ്കണ്ണി തുടങ്ങിയ സ്ഥലങ്ങളിലുള്ള പള്ളികളിൽ പോകാൻ ഉദ്ദേശ്യമുണ്ടെങ്കിൽ റേറ്റ് കഴിയുന്നത്ര കുറച്ചു തരാം. പെന്തക്കോസ്തുകാരേക്കുറിച്ച് അറിഞ്ഞുകൂടാത്തതുകൊണ്ടാണു ടാക്സിക്കാരൻ ഇങ്ങനെ പറയുന്നതെന്നു കരുതി ആ ദൈവദാസൻ പറഞ്ഞു: ''ഞാൻ പെന്തക്കോസ്തുകാരനാണ്. ഞങ്ങൾ വേളാങ്കണ്ണിയിലും കടമറ്റത്തും പോകുകയില്ല''. പക്ഷേ ടാക്സിക്കാരൻ സമ്മതിച്ചില്ല. അയാൾ പറഞ്ഞു: ''ഗൾഫിൽ നിന്ന് അവധിക്കു വരുമ്പോൾ മോനച്ചൻ പാസ്റ്റർ കടമറ്റത്തും വേളാങ്കണ്ണിയിലും മറ്റും പോകാറുണ്ടല്ലോ. എന്റെ ടാക്സിയാണ് സ്ഥിരമായി വിളിക്കുന്നത്. അതുകൊണ്ടു പറഞ്ഞതാ.'' വിശദാംശങ്ങൾ അന്വേഷിച്ചപ്പോൾ ടാക്സിക്കാരൻ പറഞ്ഞ മോനച്ചൻ നമ്മുടെ മോനച്ചൻ പ്രവാചകൻ തന്നെയാണെന്നു വ്യക്തമായി.

# മുല്ലക്കരയുടെ അവഹേളനം: ഒരു വടക്കൻ ദു:ഖഗാഥ

രോഗശാന്തിവരപ്രാപ്തനാണു മുല്ലക്കര ദേവസ്യ എന്നാണു വയ്പ്. തലവേദന, കൈവേദന, വയറ്റിൽ വേദന തുടങ്ങിയ മാരക രോഗങ്ങൾ മുല്ലക്കരയുടെ പ്രാർത്ഥനയാൽ സൗഖ്യമാകാറുമുണ്ട്. പക്ഷേ പുറമെ കാണാവുന്ന രോഗങ്ങളൊന്നും സൗഖ്യമായതായി ചരിത്രമില്ല. സംഗതി ഇങ്ങനെയൊക്കെയാണെങ്കിലും മുല്ലക്കര വരുന്നു എന്നു കേട്ടാൽ രോഗശാന്തി പ്രാപിക്കാനായി ജനം ഓടിക്കൂടും. ഇത്തരം ഒരു യോഗത്തിൽ ഒരു സഹോദരിക്കുണ്ടായ അനുഭവം ഡിഫെൻഡറിൽ റിപ്പോർട്ട് ചെയ്തിരുന്നല്ലോ.

ഇതിനോടു സാമ്യമുള്ള ഒരനുഭവം കോഴിക്കോട്ടും ഉണ്ടായി. രോഗശാന്തി പ്രാപിക്കാനായി ആളുകൾ കാത്തു നിൽക്കുകയാണ്. അക്കൂട്ടത്തിൽ ഒരു അമ്മയും മകളുമുണ്ട്. സമയം സന്ധ്യയോടടുക്കുന്നു. ഉടൻ പ്രാർത്ഥന കഴിഞ്ഞു മടങ്ങിയില്ലെങ്കിൽ വീട്ടിലെത്താൻ പറ്റില്ല. സഹായത്തിന് ആരും ഇല്ലതാനും. അതുകൊണ്ട് അവർ ക്യൂവിൽ നിന്നു മാറി മുല്ലക്കരയുടെ അടുത്തുചെന്ന് ആവശ്യം പറഞ്ഞു. അതോടെ മുല്ലക്കര ചൂടായി. അനുസരണശീലമില്ലാത്ത ഇത്തരക്കാർക്ക് രോഗശാന്തിയെന്നല്ല ഒരു അനുഗ്രഹവും ലഭിക്കയില്ല എന്നു പ്രഖ്യാപിച്ചു. ആ സ്ത്രീയേയും മകളേയും പരമാവധി അവഹേളിച്ചു സംസാരിച്ചു. മൈക്കിലൂടെ എല്ലാവരും ഇതൊക്കെ കേട്ടു. ആ സഹോദരിയും മകളും മാത്രമല്ല എല്ലാവരും ഏറെ ദു:ഖിച്ചു.




# അടങ്ങിയിരിക്കൂ എൽസീ

ഐ.പി.സിയുടെ പ്രസിഡന്റായ കെ.സി.ജോണിന് ഉലകം മുഴുവൻ സ്റ്റെപ്പിനികളുണ്ട്. അതിൽ ഒന്നു മാത്രമാണ് അമേരിക്കയിലെ പാട്ടുകാരി എൽസി. ഷണ്ഡത്വം ബാധിച്ച ഭർത്താവിനോടൊത്തു കഴിയുന്ന എൽസിയെ ചുണക്കുട്ടനായ കെ.സി.ജോണിനു വശീകരിക്കാൻ കഴിഞ്ഞതു തികച്ചും സാഭാവികം. കെ.സി.ജോണിന്റെ വീരകഥകൾ പറയുന്ന കൂട്ടത്തിൽ ഡിഫെൻഡർ എൽസിയുടെ കാര്യവും പരാമർശിച്ചിരുന്നു. ഒരു വെറും സ്റ്റെപ്പിനി മാത്രമായ എൽസിയേക്കുറിച്ചു നിരന്തരം എഴുതേണ്ട ആവശ്യമില്ലാത്തതുകൊണ്ട് കഴിഞ്ഞ ചില ലക്കങ്ങളിൽ ഇവരേപ്പറ്റി എഴുതിയതുമില്ല. പക്ഷേ എൽസിയും ഭർത്താവായ സാമും അടങ്ങുന്ന മട്ടില്ല. തങ്ങളെ പേടിച്ച് ഡിഫെൻഡർ എഴുത്തു നിർത്തി എന്നും മറ്റും പറഞ്ഞു നടക്കുകയാണ് ഇവരിപ്പോൾ.

വെറുമൊരു അഭിസാരികയായ എൽസിയേയും അവരുടെ ഷണ്ഡൻ ഭർത്താവിനേയും പേടിക്കുന്ന സ്ഥിതിയിലല്ല ഡിഫെൻഡർ എന്ന് ഏവരും അറിഞ്ഞിരിക്കുന്നതു നന്ന്. നാവടക്കി ഇരിക്കുന്നതാണ് എൽസിക്കു നല്ലത്. അല്ലെങ്കിൽ ഫോട്ടോ സഹിതം ഡിഫെൻഡറിൽ വാർത്തവരും. ഭർത്താവുദ്യോഗസ്ഥനായ സാമിന്റെ പഴയ കഥകളും മാലോകരറിയും. അതൊക്കെ ഒഴിവാക്കുകയാണു ബുദ്ധി.

# 'മരിച്ചവർ എവിടെ' വില്പന തുടരുന്നു

''മരിച്ചവർ എവിടെ'' എന്ന പുസ്തകത്തിന്റെ വില്പന തുടരുന്നു. കുറഞ്ഞത് 100 രൂപയെങ്കിലും വിലയിടാവുന്ന ഈ പുസ്തകം ഉല്പാദനച്ചെലവായ 30 രൂപയ്ക്കാണ് വിൽക്കുന്നത്. പുസ്തകം നേരിൽ വാങ്ങുന്നവർ 30 രൂപ തന്നാൽ മതിയാകും. ഇന്റർനെറ്റ് കണക്ഷനുള്ളവർക്ക് പുസ്തകം ഇന്റർനെറ്റിൽ നിന്ന് സൗജന്യമായി ഡൗൺ ലോഡ് ചെയ്യാവുന്നതാണ്.

വിലാസം: www.tsbalan.com

പോസ്റ്റിൽ ലഭിക്കുവാൻ പോസ്റ്റേജ് അടക്കം (ഇന്ത്യയിൽ) നൽകേണ്ട വില താഴെ കൊടുക്കുന്നു:

ഒരു കോപ്പി- 50 രൂപ. രണ്ടു കോപ്പി- 90 രൂപ. അഞ്ചു കോപ്പി- 180 രൂപ. പത്തു കോപ്പി- 350 രൂപ. പത്തിൽ അധികം കോപ്പികൾ ആവശ്യമുള്ളവർ 30 രൂപ നിരക്കിൽ പുസ്തകത്തിന്റെ വിലയും 50 രൂപ പോസ്റ്റേജും നൽകിയാൽ മതിയാകും.

പുസ്തകം ആവശ്യമുള്ളവർ പേര്, പൂർണ്ണമായ വിലാസം, ഫോൺ നമ്പർ, ഏറ്റവും പരിചയമുള്ള കൂറിയർ കമ്പനിയുടെ പേര് എന്നിവ അറിയിക്കണം. ചെറിയ തുകകൾ മണി യോർഡറായി അയയ്ക്കുക. ചെക്ക് അയയ്ക്കുന്നവർ 25 രൂപ ബാങ്ക് കമ്മീഷൻ ചേർത്ത് അയയ്ക്കുക. ഡ്രാഫ്റ്റുകൾ പെരുമ്പാവൂരിൽ മാറത്തക്കവിധം അയയ്ക്കുക. ചെക്കുകൾ, ഡ്രാഫ്റ്റുകൾ തുടങ്ങിയവ റ്റി.എസ്. ബാലൻ എന്ന പേരിൽ എടുക്കുക.

പണം അയയ്ക്കേണ്ട വിലാസം:

**T.S.Balan, Anand Bhavan, Near: KSRTC,**
**Perumbavoor P.O., Ernakulam Dist. Pin. 683542.**
**Phone: 0484-3232356. Mob: 96564 32921**

# പാസ്റ്റർമാരുടെ സ്ഥലം മാറ്റവും അനുബന്ധ പ്രശ്നങ്ങളും

ഏപ്രിൽ-മെയ് മാസങ്ങളിലാണ് പാസ്റ്റർമാരുടെ സ്ഥലം മാറ്റം നടക്കുന്നത്. ട്രാൻസ്ഫറിന് ഏറ്റവും അനുയോജ്യമായ സമയം അതുതന്നെയാണെന്നതിനു സംശയമില്ലതാനും. പക്ഷേ ട്രാൻസ്ഫർ എന്നത് എല്ലാ പെന്തക്കോസ്ത് പ്രസ്ഥാനങ്ങളിലും പ്രശ്നങ്ങൾക്കു കാരണമാകാറുണ്ട്. അതുകൊണ്ട് ഇത്തരം പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ഒട്ടേറെ പരാതികൾ ഡിഫെൻഡറിനു ലഭിക്കയും ചെയ്യുന്നു. സ്ഥലംമാറ്റം കൊടുത്തിട്ടും പോകാൻ കൂട്ടാക്കാത്ത പാസ്റ്റർമാരേക്കുറിച്ചാണ് ഏറ്റവും അധികം പരാതികൾ ലഭിക്കുന്നത്.

ഈ പ്രശ്നത്തേക്കുറിച്ചു തിരുവചന വെളിച്ചത്തിൽ പഠിക്കുന്നതിനു മുമ്പായി നാം ഒരു വസ്തുത മനസ്സിലാക്കണം. ഇന്നു നാം കാണുന്ന വിധത്തിലുള്ള പ്രസ്ഥാനങ്ങളിൽ ദൈവീക പദ്ധതി യിലില്ല. അതുകൊണ്ട് സഭാകേന്ദ്രത്തിൽ നിന്നു സ്ഥലംമാറ്റം നിശ്ചയിക്കുന്നരീതിയുമില്ല.

എല്ലാ പ്രാദേശിക സഭകളും സ്വതന്ത്രമാണെന്ന് ദൈവവചനം പഠിച്ചാൽ മനസ്സിലാകും. പ്രാദേശിക സഭയിൽ നിരവധി ശുശ്രൂഷകൻമാരും ശുശ്രൂഷക്കാരത്തികളും ഉണ്ടായിരിക്കണം. (1 തിമോ.3:1-13 നോക്കുക). 11-ാം വാക്യത്തിൽ സ്ത്രീകൾ എന്നു തർജ്ജമ ചെയ്തിരിക്കുന്നത് ശുശ്രൂഷക്കാരത്തികൾ എന്നു തർജ്ജമ ചെയ്യേണ്ടതായിരുന്നു. റോമ.16:1ൽ കാണുന്ന ഫേബ ഇത്തരത്തിലുള്ള ഒരു ശുശ്രൂഷക്കാരത്തിയായിരുന്നു. (ശുശ്രൂഷ എന്നു പറഞ്ഞാൽ ഉപദേശിപ്പണി എന്നു തെറ്റിദ്ധരിക്കരുത്). ഈ വിധത്തിലുളള ശുശ്രൂഷകൻമാരുടേയും ശുശ്രൂഷക്കാരത്തികളുടേയും മേൽനോട്ടക്കാരനാണ് ബിഷപ്പ് അഥവാ പാസ്റ്റർ. പക്ഷേ ഇതൊന്നുമല്ലല്ലോ പെന്തക്കോസ്ത് സഭകളിലുളളത്. അതുകൊണ്ട് പാസ്റ്റർമാരുടെ സ്ഥലം മാറ്റം എന്ന പ്രശ്നം ദൈവവചന വെളിച്ചത്തിൽ പഠനവിധേയമാക്കാനാവില്ല. ദൈവ വചനത്തിൽ കാണാത്തതും ദൈവീക പദ്ധതിയിൽ ഇല്ലാത്തതുമായ ഐ.പി.സി., ശാരോൻ, എ.ജി തുടങ്ങിയ മനുഷ്യനിർമ്മിതമായ സംഘടനകളിലെ സ്ഥലംമാറ്റം ഏതു വിധത്തിലാണു നടത്തേണ്ടതെന്നറിയാൻ ദൈവവചനത്തിൽ നോക്കുന്നതു വിഡ്ഢിത്തമാണ്. പാകിസ്ഥാൻ എങ്ങനെയാണു ഭരിക്കേണ്ടതെന്നറിയാൻ ഇന്ത്യൻ ഭരണഘടനയിൽ നോക്കുന്നതുപോലുളള അസംബന്ധമാണിത്.

സഭാഭരണ വിഷയത്തിൽ പെന്തക്കോസ്തുകാർ മാതൃകയാക്കിയിരിക്കുന്നത് ഒന്നാം നൂറ്റാണ്ടിലെ ദൈസഭകളെയല്ല ഇക്കാലത്തുളള ക്രൈസ്തവ സമുദായങ്ങളെയാണ്. പളളിയിൽ അച്ചനുണ്ട്, പെന്തക്കോസ്തിൽ പാസ്റ്ററുണ്ട്. പളളിയിലെ കൈക്കാരനാണ് പെന്തക്കോസ്തിലെ സെക്രട്ടറി. സമുദായക്കാരുടെ ബിഷപ്പിനു പകരം പെന്തക്കോസ്തിൽ സെന്റർ പാപി.... സോറി, സെന്റർ പാസ്റ്റർ. സമുദായക്കാർക്ക് പെരുന്നാളുളളതുപോലെ പെന്തക്കോസ്തുകാർക്കു കൺവൻഷനുണ്ട്. (അതുതന്നെ ഇത്, ഇതുതന്നെ അത്.) ആകയാൽ സ്ഥലംമാറ്റ പ്രശ്നം തിരുവചന വെളിച്ചത്തിലല്ല സാമാന്യ ബുദ്ധി ഉപയോഗിച്ചാണ് പരിഹരിക്കേണ്ടത്.

പാസ്റ്റർക്ക് ഒരു സഭയിൽ എത്രക്കാലം തുടരാം? അതിനുളള മറുപടി ദൈവവചനത്തിൽ ഇല്ലെന്നു പറഞ്ഞു കഴിഞ്ഞല്ലോ. അതുകൊണ്ട് സാമാന്യബുദ്ധി ഉപയോഗിച്ചു മറുപടി പറയാം: സ്വരം നല്ലതായിരിക്കുമ്പോൾത്തന്നെ പാട്ടു നിർത്തുക. നാണവും മാനവും ഉളളവർ ഇങ്ങനെ ചെയ്യും. പക്ഷേ പാസ്റ്റർമാരിൽ നല്ലൊരു പങ്കിനു നാണം എന്ന വാക്കിന്റെ അർത്ഥംപോലും അറിഞ്ഞുകൂടാ എന്നത് ഒരു വസ്തുതയാണ്. പിന്നെയുളളതു മാനത്തിന്റെ കാര്യമാണ്. മാനം തലയ്ക്കു മുകളിൽ അനന്തവിശാലമായി കിടക്കുകയാണ്. സ്ഥലംമാറ്റ പ്രശ്നത്തിൽ മാനത്തിനെന്തുകാര്യം.

മീനും വിരുന്നുകാരനും മൂന്നു ദിവസം കഴിയുമ്പോൾ നാറാൻ തുടങ്ങും എന്നാണു ചൊല്ല്. പാസ്റ്റർമാരുടെ കാര്യത്തിൽ മൂന്നു വർഷം എന്നാക്കാം. അതു കഴിഞ്ഞാൽ നാറാൻ തുടങ്ങും. (ഒന്നാം വർഷം തന്നെ നാറാൻ തുടങ്ങുന്നവരുമുണ്ട്). അതുകൊണ്ട് മൂന്നു വർഷം കഴിയുമ്പോൾ പാസ്റ്റർ സ്വമേധയാ മാറണം. മാറിയില്ലെങ്കിൽ മാറ്റണം. പ്രശ്നങ്ങൾ ഒഴിവാക്കാൻ ഇതു സഹായിക്കും.

പക്ഷേ 'നല്ല' സഭ കിട്ടിയാൽ ചില പാസ്റ്റർമാർ മാറുകയില്ല. മാറ്റാൻ ശ്രമിച്ചാൽ സഭയിൽ പിളർപ്പുണ്ടാക്കും. ഒരു പക്ഷത്തെ കൂടെ നിർത്തും. ''ഞാൻ മാറാൻ തയ്യാറായതാ. പക്ഷേ സഭ സമ്മതിക്കുന്നില്ല'' എന്നായിരിക്കും മറുപടി. ''പാസ്റ്റർ മാറണമെന്ന് നിരവധി ആളുകൾ ആവശ്യപ്പെട്ടതായി കേട്ടല്ലോ'' എന്നു പറഞ്ഞു നോക്കൂ. അപ്പോൾ വരും മറുപടി: ''അനാത്മീയരായ ചിലർക്ക് എന്നോടു നീരസമുണ്ട്. അവരാണ് ഞാൻ മാറണമെന്നു പറയുന്നത്. പക്ഷേ ആത്മീയരെല്ലാം ഒറ്റക്കെട്ടാണ്. അവരെല്ലാം എന്നോടൊപ്പമാണ്''. ഇത്തരക്കാർ സഭയെ നശിപ്പിച്ചിട്ടേ പോകൂ.

പതിനെട്ടടവും പയറ്റി സഭയിൽ കടിച്ചു തൂങ്ങി നിൽക്കുന്നവർ ശ്രദ്ധിക്കുക: ഇപ്പോൾ നിങ്ങളോടൊപ്പം നിൽക്കുന്നവർ ശത്രുക്കളാകാൻ ഏറെക്കാലമൊന്നും വേണ്ട. ശരിക്കു നാണം കെട്ട ശേഷമേ നിങ്ങൾ അവിടെനിന്നു പോകൂ എന്നാണോ?

മൂന്നു വർഷം എന്നു പറഞ്ഞത് ഒരു സാമാന്യ നിയമം മാത്രമാണ്. അന്തരീക്ഷം മോശമാണെന്നു കണ്ടാൽ അതിനു മുൻപുതന്നെ സ്ഥലം വിടണം. സാഹചര്യങ്ങൾ അനുകൂലമാണെങ്കിലും മൂന്നു വർഷത്തിൽ അധികംകാലം ഒരു സഭയിൽ തുടരുന്നത് ഗുണത്തേക്കാളേറെ ദോഷമേ ചെയ്യൂ.

സ്ഥലംമാറ്റ പ്രശ്നത്തേക്കുറിച്ചു പറയുമ്പോൾ 'നല്ല' സഭ കിട്ടാൻ പാസ്റ്റർമാർ പ്രയോഗിക്കുന്ന തറവേലകളേക്കുറിച്ചുകൂടി പറയാതെവയ്യ. സഭാകേന്ദ്രത്തിൽ നിന്നാണു സ്ഥലംമാറ്റ ഉത്തരവു വരുന്നതെങ്കിലും സെന്റർ പാസ്റ്ററുടെ ഹിതപ്രകാരമാണു കാര്യങ്ങൾ തീരുമാനിക്കപ്പെടുന്നത്. അതുകൊണ്ട് നല്ല സഭ കിട്ടാൻ സെന്റർ പാസ്റ്ററെ പ്രീതിപ്പെടുത്തണം. അതിനായി കൈക്കൂലി ചോദിച്ചു വാങ്ങുന്ന സെന്റർ പാസ്റ്റർമാരും കൈക്കൂലി കൊടുക്കാൻ തയ്യാറുളള പാസ്റ്റർമാരുമുണ്ട്. ദൈവവചനത്തിലില്ലാത്ത സംഘടനകൾ ഉണ്ടാക്കുകയും ഈ സംഘടനകൾ സഭകളായി കണക്കാക്കുകയും ചെയ്തതിന്റെ ഫലമാണ് ഈ കാണുന്നതൊക്കെ.

# ഡിഫെൻഡർ മറുപടി പറയുന്നു

**?** കർത്താവായ യേശുക്രിസ്തുവിനെ പ്രസവിച്ചത് മറിയമാണെങ്കിലും യേശു മറിയത്തിന്റെ മുലപ്പാൽ കുടിച്ചില്ല എന്ന് ഒരാൾ പ്രസംഗിക്കുന്നതുകേട്ടു. ഈ വാദം ശരിയാണോ?

■ വണക്കമാസപ്പുതുമകൾ പറഞ്ഞ് ശ്രോതാക്കളെ വണ്ടറടിപ്പിക്കുന്നതിൽ രസം കണ്ടെത്തുന്ന പ്രസംഗകരാണ് ഇത്തരം വ്യാഖ്യാനങ്ങളുമായി ഊരുചുറ്റുന്നത്. കേൾക്കുന്നവരെ മറിച്ചു കളയുന്നതിനല്ലാതെ ഒന്നിനും കൊളളാത്ത ഇത്തരം വ്യാഖ്യാനങ്ങൾ അവഗണിക്കുകയാണ് അഭികാമ്യം.

യെശ.7: 14-15 ഇപ്രകാരം പറയുന്നു. ''അതുകൊണ്ടു കർത്താവു തന്നേ നിങ്ങൾക്ക് ഒരു അടയാളം തരും: കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും; അവന് ഇമ്മാനൂവേൽ എന്നു പേരു വിളിക്കും. തിൻമ തളളി നൻമ തിരഞ്ഞെടുക്കുവാൻ പ്രായമാകുംവരെ അവൻ തൈരും തേനുംകൊണ്ടു ഉപജീവിക്കും.''

യേശു കന്യകയുടെ പുത്രനായി ജനിക്കും എന്ന പ്രവചനമാണ് ആദ്യവാകൃത്തിലുളളത് എന്നു മത്തായി പറയുന്നു. (മത്താ.1:22.) ഈ വ്യാഖ്യാനം ശരിയാണോ എന്നത് ഒരു തർക്കവിഷയമാണ്. കാരണം, യെശ. 7:14ൽ 'കന്യക' എന്നു പറയാൻ ഉപയോഗിച്ചിരിക്കുന്ന എബ്രായ വാക്കിന് 'ചെറുപ്പക്കാരി' അല്ലെങ്കിൽ 'യുവതി' എന്ന അർത്ഥമേയുളളൂ. ചെറുപ്പക്കാരി (യുവതി) കന്യകയായിക്കൊളളണമെന്നില്ല. എങ്കിലും യഹൂദൻമാർക്കുവേണ്ടി സുവിശേഷമെഴുതിയ മത്തായി ഈ വാക്യം യേശുവിന്റെ ജനനവുമായി ബന്ധപ്പെടുത്തി. ശിശുവധം, യേശുവിന്റെ മിസ്രയീം യാത്ര, നസ്രായൻ എന്നപേര് തുടങ്ങിയവയുമായി ബന്ധപ്പെട്ട് മത്തായി ഉദ്ധരിക്കുന്ന വാക്യങ്ങളും ഈ വിധത്തിലുളളതാണ്. എങ്കിലും മത്തായി ദൈവാത്മാവിലാണ് ഈ സുവിശേഷം എഴുതിയത് എന്നു നാം വിശ്വസിക്കുന്നതുകൊണ്ട് ഈ വ്യാഖ്യാനങ്ങളെല്ലാം അംഗീകരിക്കുന്നു.

യെശ.7:14 യേശുവിനേക്കുറിച്ചുളള പ്രവചനമാണെങ്കിൽ യെശ.7:15 യേശുവിനേക്കുറിച്ചല്ലേ പറയുന്നത്? ആണെങ്കിൽ യേശു കുട്ടിക്കാലത്ത് തൈരും തേനും മാത്രമാണു ഭക്ഷിച്ചതെന്നു പറയേണ്ടതായി വരും.

യേശുക്രിസ്തുവിനേക്കുറിച്ചു പഴയനിയമത്തിൽ നിരവധി പ്രവചനങ്ങളുണ്ട്. അവയിൽ ഭൂരിപക്ഷവും സുവിശേഷങ്ങളിൽ ഉദ്ധരിച്ചിട്ടുമുണ്ട്. ഈ പ്രവചനഭാഗങ്ങളെല്ലാം പരിശോധിച്ചാൽ ഒരു കാര്യം വ്യക്തമാകും: ഈ പ്രവചനങ്ങളിൽ ഭൂരിപക്ഷവും സന്ദർഭവുമായി ബന്ധമില്ലാത്തവയാണ്. ഇവയ്ക്കു മുൻപും പിൻപുമുളള വാക്യങ്ങൾ കൂടി ഈ പ്രവചനങ്ങളോടു ബന്ധപ്പെടുത്തി പഠിക്കാൻ ശ്രമിച്ചാൽ വ്യാഖ്യാനം വഴി തെറ്റും. നിരവധി ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയുമെങ്കിലും സ്ഥലപരിമിതിമൂലം ഒരെണ്ണം മാത്രം പറയാം.

ഹെരോദാവിൽ നിന്നു രക്ഷപ്പെടുവാൻ യേശു മിസ്രയീമിലേക്കു പോയതിനേക്കുറിച്ച് മത്തായി ഇപ്രകാരം പറയുന്നു: ''ഹെരോദാവിന്റെ മരണത്തോളം അവൻ അവിടെ പാർത്തു; മിസ്രയീമിൽനിന്നു ഞാൻ എന്റെ മകനെ വിളിച്ചുവരുത്തി എന്നു കർത്താവ് പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തത് നിവൃത്തിയാകുവാൻ സംഗതിവന്നു.'' (2:15)

''മിസ്രയീമിൽനിന്നു ഞാൻ എന്റെ മകനെ വിളിച്ചുവരുത്തി'' എന്ന പ്രവചനം എവിടെയാണുളളത്? ''യിസ്രായേൽ ബാലനായിരുന്നപ്പോൾ ഞാൻ അവനെ സ്നേഹിച്ചു; മിസ്രയീമിൽ നിന്നു ഞാൻ എന്റെ മകനെ വിളിച്ചു''. (ഹോശെ.11:1). പക്ഷേ അടുത്ത വാക്യം ഇപ്രകാരമാണ്: ''അവരെ വിളിക്കുന്തോറും അവർ വിട്ടകന്നുപോയി; ബാൽബിംബങ്ങൾക്ക് അവർ ബലികഴിച്ചു, വിഗ്രഹങ്ങൾക്ക് ധൂപം കാട്ടി.''

''മിസ്രയീമിൽ നിന്നു ഞാൻ എന്റെ മകനെ വിളിച്ചു'' എന്നത് യേശുവിനേക്കുറിച്ചുളള പ്രവചനമാണെന്നു മത്തായി പറയുന്നു. അതുകൊണ്ട് അടുത്ത വാക്യവും യേശുവിനേക്കുറിച്ചാണെന്നു പറഞ്ഞാൽ യേശു ദൈവത്തിന്റെ വിളി കേൾക്കാതെ ദൈവത്തെ വിട്ടകന്നുപോയെന്നും ബാൽ വിഗ്രഹങ്ങളെ സേവിച്ചെന്നും പറയേണ്ടതായി വരും. യെശ.7:15 വ്യാഖ്യാനിക്കുമ്പോഴും ഇതേ പ്രശ്നമാണുളളത്.

യേശു മറിയത്തിന്റെ മുലപ്പാൽ കുടിച്ചോ ഇല്ലയോ എന്നത് രക്ഷയെ ബാധിക്കുന്നത്ര ഗൗരവമുളള പ്രശ്നമല്ല. അതുകൊണ്ട് ഇത്തരം വിഷയങ്ങൾ പ്രസംഗവിഷയമാക്കി കൺഫ്യൂഷനുണ്ടാക്കാതിരിക്കാൻ പ്രസംഗകർ ശ്രദ്ധിക്കണം. പക്ഷേ താൻ വലിയ വേദപണ്ഡിതനാണെന്നു വരുത്തിത്തീർക്കാൻ മോഹമുളളവർ ഇത്തരം അനാവശ്യ വിവാദങ്ങൾ എടുത്തിടും. അങ്ങനെയുളളവർ ലൂക്കോ.11:27-28 വായിക്കുക. ''.... പുരുഷാരത്തിൽ ഒരു സ്ത്രീ ഉച്ചത്തിൽ അവനോട്: നിന്നെ ചുമന്ന ഉദരവും നീ കുടിച്ച മുലയും ഭാഗ്യമുളളവ എന്നു പറഞ്ഞു. അതിന് അവൻ: അല്ല, ദൈവത്തിന്റെ വചനം കേട്ടു പ്രമാണിക്കുന്നവരത്രേ ഭാഗ്യവാൻമാർ എന്നു പറഞ്ഞു''. താൻ മുലകുടിച്ചു എന്ന വസ്തുത യേശു ഇവിടെ നിഷേധിക്കുന്നില്ല.

# വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി

നിങ്ങളുടെ വീട്ടിലും ഒരു റഫറൻസ് ലൈബ്രറി ഒരുക്കാൻ ഇതാ ഒരു സുവർണ്ണാവസരം. 1500ൽ അധികം പുസ്തകങ്ങൾ. നാലു ലക്ഷത്തിൽ അധികം പേജുകൾ. പി.ഡി.എഫ് ഫോർമാറ്റിലുളള 40 സി.ഡികൾ. വില 1900 രൂപ മാത്രം. ട്രിനിറ്റി സ്ക്കൂൾ പുറത്തിറക്കിയിരിക്കുന്ന ഈ ക്ലാസിക്കൽ ഡിജിറ്റൽ ലൈബ്രറിയുടെ കോപ്പികൾ ഇപ്പോൾ ഡിഫെൻഡർ ഓഫീസിൽനിന്നും വിതരണം ചെയ്യുന്നു.

ജോസീഫസ് പോലുളള പ്രാചീന ഗ്രന്ഥങ്ങൾ മുതൽ ലൂഥർ, കാൽവിൻ തുടങ്ങിയ പ്രോട്ടസ്റ്റന്റ് നേതാക്കൻമാരുടെ പുസ്തകങ്ങളും നിരവധി ബൈബിൾ വ്യാഖ്യാന ഗ്രന്ഥങ്ങളും ഉൾപ്പെടുന്നതാണ് ഈ അതുപൂർവ്വ ഗ്രന്ഥശേഖരം. ജോസീഫസ് പറഞ്ഞു, ലൂഥർ എഴുതി എന്നൊക്കെ ഇനി ഊഹം വെച്ച് പറയേണ്ടതില്ല.

ആകെ 1500ൽ അധികം പുസ്തകങ്ങൾ ഉളളതിനാൽ ഓരോ പുസ്തകത്തേക്കുറിച്ചും പ്രത്യേകമായി പറയാൻ ബുദ്ധിമുട്ടുണ്ട്. ക്രിസ്തീയലോകത്ത് ക്ലാസിക്കുകളായി അംഗീകാരം നേടിയിട്ടുളളവയാണ് എല്ലാ പുസ്തകങ്ങളും എന്ന് പൊതുവായി പറയാം. ഇവയിൽ നല്ലൊരു പങ്ക് ഇപ്പോൾ വിപണിയിൽ വാങ്ങാൻ പോലും കിട്ടുകയില്ല.

ഭൂരിപക്ഷം പുസ്തകങ്ങളും ഒറിജിനൽ പുസ്തകത്തിൽ നിന്ന് സ്ക്കാൻ ചെയ്ത് പി.ഡി. എഫ് ഫോർമാറ്റിൽ ആക്കിയിരിക്കുന്നു. ഏതാനും പുസ്തകങ്ങൾ ടൈപ്പ് ചെയ്ത് പി.ഡി.എഫിലോ എച്ച്.റ്റി.എം.എൽ ഫോർമാറ്റിലോ സെറ്റ് ചെയ്തിരിക്കുന്നു. ആകെ 40 സി.ഡികളിലായി, അക്ഷരമാലാ ക്രമത്തിൽ, ഒരുക്കിയിരിക്കയാണ് ഈ പുസ്തകങ്ങൾ. എല്ലാംകൂടി നാല് ലക്ഷത്തിൽ അധികം പേജുകൾ. പുസ്തകരൂപത്തിൽ വാങ്ങിയാൽ 10 ലക്ഷം രൂപയെങ്കിലും ചെലവാകും.

ഇംഗ്ലീഷ് അറിയാവുന്നവർക്ക് ഈ സി.ഡികൾ വാങ്ങി കമ്പ്യൂട്ടറിൽ ഇട്ട് ഉപയോഗിക്കാം. (ഇംഗ്ലീഷ് അറിയാത്തവരും സ്വന്തമായി കമ്പ്യൂട്ടർ ഇല്ലാത്തവരും ഈ സി.ഡികൾ വാങ്ങരുത്). ഈ സി.ഡികളേക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ 0484-3232356, 9656432921 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.
Email: tsbalan@yahoo.com

40 സി.ഡികൾ അടങ്ങുന്ന ഒരു സെറ്റിന്റെ വില 4000 രൂപയാണ്. എന്നാൽ ഇപ്പോൾ സൗജന്യ വിലയായ 1900 രൂപയ്ക്ക് 40 സി.ഡികൾ ലഭിക്കും.

സി.ഡികൾ ആവശ്യമുളളവർ T.S.Balan എന്ന പേരിൽ 1900 രൂപ മണിയോർഡർ/ ചെക്ക്/ഡ്രാഫ്റ്റ് എടുത്ത് താഴെ കാണുന്ന വിലാസത്തിൽ അയച്ചുതരിക. പണം ഓഫീസിൽ ലഭിച്ചാലുടൻ സി.ഡികൾ കുരിയർ/ സ്പീഡ് പോസ്റ്റിൽ അയച്ചുതരുന്നതാണ്. വിദേശ രാജ്യങ്ങളിലേക്ക് സ്പീഡ് പോസ്റ്റിൽ സി.ഡികൾ അയയ്ക്കും. വില: US$ 100 or Rs.4000/-. ഗൾഫിലുളളവർ 1900 രൂപയും ഇന്ത്യയിലെ വിലാസവും അയയ്ക്കുക.

<u>Address:</u>
T.S.Balan
Anand Bhavan
Near: KSRTC,
Perumbavoor P.O.,
Ernakulam Dist. Pin. 683 542

# ആ ഭാര്യ ഏതാ ഷാജീ?



അസംബ്ലീസ് ഓഫ് ഗോഡ് എക്സിക്യൂട്ടീവ് അംഗവും കോട്ടയം എ.ജി സഭയിലെ പാസ്റ്ററുമായ ഷാജി കഴിഞ്ഞമാസം പുന്നപ്രയിൽ വച്ച് ഒരു ബൈക്ക് ആക്സിഡന്റിൽ പെട്ടു. ബൈക്കിന് സാരമായ കേടുപാടുകൾ ഉണ്ടായെങ്കിലും ഷാജിക്കോ ഒപ്പമുണ്ടായിരുന്ന സ്ത്രീക്കോ വലിയ കുഴപ്പമൊന്നും പറ്റിയില്ല.

ഒപ്പമുണ്ടായിരുന്ന സ്ത്രീ എന്നു പറയാൻ കാരണമുണ്ട്. ഈ സ്ത്രീ തന്റെ ഭാര്യയാണെന്നത്രേ ഷാജി പോലീസിനോടു പറഞ്ഞത്. പക്ഷേ അത് ഔദ്യോഗികമായി രേഖപ്പെടുത്തുന്നത് ഒഴിവാക്കാൻ ഷാജി ശ്രമിക്കയും ചെയ്തു. ആക്സിഡന്റ് വിവരം അറിഞ്ഞു കൂടുതൽ വിവരങ്ങൾ അന്വേഷിച്ച പാസ്റ്റർമാരോടും മറ്റും അളിയന്റെ ഭാര്യയാണ് ഒപ്പമുണ്ടായിരുന്നതെന്നാണു ഷാജി പറഞ്ഞത്. ആക്സിഡന്റ് നടക്കുന്ന സമയത്തു ഷാജിയുടെ ഭാര്യ വീട്ടിലുണ്ടായിരുന്നു എന്ന വസ്തുത പാസ്റ്റർമാർ മനസ്സിലാക്കുമെന്നു കരുതിയാകാം 'അളിയന്റെ ഭാര്യ' എന്നു പറഞ്ഞത്. ഏതായാലും സംഗതി വിവാദമായിരിക്കുകയാണ്. ആക്സിഡന്റ് നടക്കുമ്പോൾ ഒരു സ്ത്രീ ഷാജിയോടൊപ്പം ബൈക്കിൽ ഉണ്ടായിരുന്നു എന്നതു സത്യമാണ്. അതു ഷാജിയുടെ ഭാര്യയല്ലായിരുന്നു എന്നതും സത്യം തന്നെ. ഇനി അറിയേണ്ടത് ഇത്രമാത്രം: ആ സ്ത്രീ ഏത്?

# നാണക്കേടൊഴിവാക്കൂ പാസ്റ്ററേ

ട്രാൻസ്ഫർ ഒഴിവാക്കാനായി സഭ പിളർത്താൻ അബുദാബിയിലുള്ള ഒരു പാസ്റ്റർ പദ്ധതിയിട്ടിരിക്കുന്നതായി കഴിഞ്ഞ ലക്കം ഡിഫെൻഡറിൽ എഴുതിയിരുന്നല്ലോ. പാസ്റ്ററുടെ ശിങ്കിടികളായ ചിലർ ഈ വാർത്ത വായിച്ചശേഷം ഡിഫെൻഡറിനെ ഭീഷണിപ്പെടുത്തി വായടപ്പിക്കാൻ ശ്രമിക്കുകയുണ്ടായി. പാസ്റ്ററുടെ അറിവോടെയാണോ ഇവർ ഇങ്ങനെ ചെയ്തതെന്നു വ്യക്തമല്ല. ഏതായാലും പാസ്റ്റർക്ക് ഡിഫെൻഡർ ഒരു ചാൻസ് കൂടി തരുന്നു. സഭ പിളർത്താനുള്ള പദ്ധതി ഉപേക്ഷിക്കുക. ഏപ്രിൽ മാസത്തിൽ സ്ഥലം മാറുക. ശിങ്കിടികളുടെ വാക്കുകേട്ട് ഡിഫെൻഡറുമായി ഗുസ്തിക്കു വന്നാൽ പേരും വിലാസവും ഫോട്ടോയും സഹിതമാകും ഇനി വാർത്ത വരുക.

# കെ. കെ. ചെറിയാൻ അതിരുകടക്കുന്നു

ഐ.പി.സി റാന്നി സെന്റർ പാസ്റ്ററായ കെ.കെ.ചെറിയാൻ അതിരുകടക്കുന്നതായി റാന്നിയിൽ നിന്നു റിപ്പോർട്ട്. ലോക്കൽ സഭകളിൽ അനാവശ്യമായി ഇടപെട്ട് പ്രശ്നങ്ങളുണ്ടാക്കുന്നതിൽ വിരുതനായ ഈ മാന്യദേഹം ഇപ്പോൾ സ്വന്തം വീട്ടിലുള്ള സഭയിലാണ് പ്രശ്നമുണ്ടാക്കിയിരിക്കുന്നത്. വീട്ടിലെ സഭ എന്നു കേട്ട് തെറ്റിദ്ധരിക്കരുത്: ഐ.പി.സിയുടെ ഒരു പ്രാദേശികസഭ ചെറിയാന്റെ വീടിനോടുചേർന്നുള്ള കെട്ടിടത്തിൽ ആരാധന നടത്തുന്നു എന്നുമാത്രം. അതിന് സഭ വാടക കൊടുക്കുന്നുമുണ്ട്. പക്ഷേ കെ.കെ.ചെറിയാന്റെ അനാവശ്യ ഇടപെടൽ പാസ്റ്ററായ പി.എം.തോമസും വിശ്വാസികളും ചെറുത്തതോടെ പ്രശ്നമായി. ഒരു ഞായറാഴ്ച മുന്നറിയിപ്പില്ലാതെ കെ.കെ.ചെറിയാൻ സഭാഹാൾ പൂട്ടിയെങ്കിലും അദ്ദേഹത്തിന്റെ ഭാര്യ ഹാൾ തുറന്നുകൊടുത്തതുകൊണ്ട് പ്രശ്നം ഗുരുതരമായില്ല. എങ്കിലും ഇനി ചെറിയാനെ സഹിക്കാൻ പറ്റില്ല എന്ന തീരുമാനത്തിലാണ് വിശ്വാസികളും പാസ്റ്ററും. മറ്റെവിടെയെങ്കിലും സ്ഥലം വാങ്ങി ഹാൾ പണിയാനുള്ള ശ്രമത്തിലാണ് അവരിപ്പോൾ.



# കെ.സി.ജോണിനു വാതിൽ തുറന്നു

കെ.സി.ജോണിനുവേണ്ടി ദൈവം ഒരു വാതിൽ തുറന്നത്രേ. കുമ്പനാട് കൺവൻഷന്റെ ഉദ്ഘാടന ദിവസമാണ് കെ.സി.ജോൺ ഈ അത്ഭുത സംഭവം മാലോകരെ അറിയിച്ചത്. പക്ഷേ കൂടുതൽ ആലോചിച്ചപ്പോൾ കെ.സി.ജോണിന് ഒരു സത്യം മനസ്സിലായി: ഈ വാതിൽ എല്ലാവർക്കുംവേണ്ടി തുറന്നതാണ്. ഉഗ്രൻ പ്രവചനം എന്നേ പറയേണ്ടൂ. ഇതൊക്കെ കേട്ട് ഹാലേലൂയ്യാ പറയുന്ന കഴുതകളെ വല്ല കാഴ്ചബംഗ്ലാവിലും അടയ്ക്കണം.

# യൂട്യൂബ് ഫോബിയ

ഫോബിയ എന്നത് ഒരു മാനസികരോഗമാണ്. അടിസ്ഥാന രഹിതമായ ഭയമാണ് ഈ രോഗത്തിന്റെ പ്രധാന ലക്ഷണം. ഈയിടെയായി കെ.എ.ഏബ്രഹാമിന് ഈ മാനസികരോഗം പിടിപെട്ടിരിക്കയാണ്. യൂട്യൂബ് ഫോബിയ എന്ന ഇനത്തിൽപ്പെട്ട രോഗമാണ് ഇദ്ദേഹത്തെ പിടികൂടിയിരിക്കുന്നത്. യൂട്യൂബെന്നു കേട്ടാലുടൻ പേടിച്ചു വിറയ്ക്കുകയാണ് ഈ ചങ്ങാതി.

എന്താണു യൂട്യൂബ്? ഇത് ഇന്റർനെറ്റിലുള്ള ഒരു വെബ്സൈറ്റാണ്. youtube.com എന്നതാണ് വിലാസം. വീഡിയോ ക്ലിപ്പുകൾ സൗജന്യമായി അപ്ലോഡ് ചെയ്യാനും അവ ആർക്കും കാണാനും ഈ വെബ്സൈറ്റ് സൗകര്യം ചെയ്തുകൊടുക്കുന്നു. ഇത്തരം ഒരു സൈറ്റിനെ അവറാൻ എന്തിനു പേടിക്കുന്നു? കാരണമുണ്ട്. അവറാന്റെ പതാക പ്രസംഗം ആരോ യൂട്യൂബിൽ അപ്ലോഡ് ചെയ്തു. ആയിരക്കണക്കിന് ആളുകൾ അതു കണ്ടു. ആകെ പ്രശ്നമായി. കൂടാതെ, അവറാൻ ചവറിൽ നടത്തിയ കുറെ വിവരംകെട്ട പ്രസംഗങ്ങൾ ഡിഫെൻഡറും യൂട്യൂബിൽ അപ്ലോഡ് ചെയ്തിട്ടുണ്ട്. അവറാന്റെ വിവരക്കേട് മാലോകർ യൂട്യൂബിലൂടെ കേൾക്കുന്നു. അവറാൻ മടുത്തു എന്നു പറഞ്ഞാൽ മതിയല്ലോ. അതുകൊണ്ട് ഈയിടെ ചെങ്ങന്നൂരിൽ നടന്ന ഒരു കൺവൻഷനിൽ അവറാൻ ഇങ്ങനെ പ്രഖ്യാപിച്ചു: ''എന്റെ പ്രസംഗം മൊബൈലിലും മറ്റും വീഡിയോ പിടിച്ച് യൂട്യൂബിലിടുന്നവനും അവന്റെ സന്തതിക്കും ഗുണം പിടിക്കത്തില്ല''. വിവരക്കേടു പ്രസംഗിക്കുന്നവനെ ദൈവം അനുഗ്രഹിക്കും. അതു യൂട്യൂബിലിടുന്നവനെ ശപിക്കും. ഇത് ഏതു ദൈവമാണപ്പാ?

# ഡേവീസ് സ്ഥലംവിട്ടു

ഡേവീസ് അമേരിക്ക വിട്ടു. ഇപ്പോൾ ന്യൂസിലാന്റിലോ ആസ്ട്രേലിയയിലോ മറ്റോ കറങ്ങുന്നതായാണ് അറിവ്. ഭർത്താവുമായി പിരിഞ്ഞു നിൽക്കുന്ന ഒരു സ്ത്രീയുമായി ഡേവീസിനുള്ള അവിഹിതബന്ധത്തേക്കുറിച്ചു ഡിഫെൻഡറിൽ വാർത്ത വന്നതാണ് ഡേവീസിനു വിനയായത്. ഡേവീസ് കള്ളനാണെന്നു മനസ്സിലാക്കിയ അമേരിക്കൻ വിശ്വാസികൾ അവനെ കൈവിട്ടു.

# അവറാനാണു താരം



അങ്ങനെ അവറാൻ താരമായി. വെറും താരമല്ല സാക്ഷാൽ സിനിമാ താരം. എന്താ, വിശ്വാസം വരുന്നില്ലേ? വിശ്വസിച്ചേ മതിയാകൂ. സംഗതി സത്യമാണ്.

സംഭവം നടന്നിട്ട് ചില ആഴ്ചകളായി. സിനിമ രംഗത്തുനിന്നു വിശ്വാസത്തിൽ വന്ന ഒരാൾ കുറെ സിനിമാ താരങ്ങളെ വിളിച്ച് ഒരു പാർട്ടി നടത്തി. വിവരക്കേടു പറയില്ല എന്ന കണ്ടീഷനിൽ അവറാനേയും ക്ഷണിച്ചു. ദോഷം പറയരുതല്ലോ, കാര്യമായ വിവരക്കേടൊന്നും പറയാതെ അവറാൻ യോഗം ഉദ്ഘാടനം ചെയ്തു. ഒരു സിനിമാനടി ഒരു കഷണം കേക്ക് അവറാന്റെ വായിൽ വച്ചുകൊടുത്തു. വായ് വിസ്താരത്തിൽ തുറന്ന് അവറാൻ അതു സ്വീകരിച്ചു. ആകെക്കൂടി വണ്ടറടിച്ചു കോരിത്തരിച്ചു പോയതുകൊണ്ട് അവറാൻ വായടയ്ക്കാൻ അല്പം താമസിച്ചുപോയെന്നാണു വിരോധികൾ പറയുന്നത്. കേക്കു തിന്നശേഷം അവറാൻ ഓടിനടന്ന് എല്ലാ നടിമാരേയും പരിചയപ്പെട്ടു. പേരു പറഞ്ഞ് സ്വയം പരിചയപ്പെടുത്തി. അവരോടൊപ്പം നിന്നു ഫോട്ടോകളും എടുത്തു. മുല്ലപ്പൂമ്പൊടി ഏറ്റുകിടന്നാൽ കല്ലിനു മാത്രമല്ല അവറാനും സൗരഭ്യമുണ്ടാകും. അങ്ങനെ അവറാനും താരമായി, കുറഞ്ഞപക്ഷം താരത്തിന്റെ സൗരഭ്യമെങ്കിലുമുണ്ടായി. നടിമാരോടൊപ്പം നിന്ന് എടുത്ത ഫോട്ടോകൾ നോക്കി നെടുവീർപ്പിടുകയാണ് അവറാനിപ്പോൾ.

# മുടന്തു മാത്രം മാറിയില്ല

പെന്തക്കോസ്തിലെ രോഗശാന്തി ശുശ്രൂഷകർ ഏതു രോഗവും മാറ്റും. ഇത്തരത്തിലുള്ള നൂറുകണക്കിനു രോഗശാന്തി ശുശ്രൂഷകൾ തിരുവല്ലയിൽ എല്ലാ വർഷവും നടക്കാറുണ്ട്. ഈ യോഗങ്ങളിൽ പങ്കെടുത്തു രോഗശാന്തി പ്രാപിച്ചവർക്കു കൈയ്യും കണക്കും മാത്രമല്ല തലപോലുമില്ല. ഉന്തിന്റെകൂടെ ഒരു തള്ള് എന്നു പറഞ്ഞതുപോലെ രാജു പൂവക്കാലയും എല്ലാ വർഷവും അത്യുഗ്രൻ കരിസ്മ നടത്തും. സകലമാന രോഗശാന്തിക്കാരേയും വരുത്തി നാട്ടിലുള്ള സകല രോഗികളേയും സൗഖ്യമാക്കും. ഇത്രയുമൊക്കെ സംഭവിച്ചിട്ടും പൂവക്കാലായുടെ മുടന്തുമാത്രം സൗഖ്യമായിട്ടില്ല.

# ഹെബ്രോനിൽ പോലീസ് പട

ഐ.പി.സിയുടെ ഹെഡ് ഓഫീസ് സ്ഥിതിചെയ്യുന്ന കുമ്പനാട് ഹെബ്രോൻ പുരത്ത് കഴിഞ്ഞയാഴ്ച ഒരു സംഘം പോലീസുകാരെ കണ്ട് നാട്ടുകാരും പാവപ്പെട്ട വിശ്വാസികളും ഞെട്ടി. എന്താണു സംഭവമെന്ന് ഒരു പിടിയും കിട്ടിയില്ല. ഐ.പി.സിയല്ലേ, പെന്തക്കോസ്തല്ലേ, എന്തും നടക്കാമല്ലോ. പക്ഷേ കൂടുതൽ അന്വേഷണം നടത്തിയപ്പോൾ കാര്യം പിടികിട്ടി. ചെറുകോൽപ്പുഴയിൽ ഹിന്ദുമത കൺവൻഷൻ നടക്കുകയാണ്. അവിടെ ക്രമസമാധാനം പാലിക്കാൻ എത്തിയതാണ് പോലീസുകാർ. ചെറുകോൽപ്പുഴയിൽ ഇത്രയും പോലീസുകാർക്ക് താമസിക്കാനുള്ള സൗകര്യമില്ല. അതുകൊണ്ട് അവർ സഹായം തേടി ഹെബ്രോനിലെത്തിയതാണ്. അവിടെ ആവശ്യത്തിലധികം സൗകര്യമുണ്ടല്ലോ. മതസൗഹാർദ്ദം പുലരട്ടെ എന്ന നല്ല ഉദ്ദേശ്യത്തോടെ സഭാനേതൃത്വം പോലീസുകാരെ സഹായിച്ചെന്നേയുള്ളൂ.



# മതപ്രചരണമോ മതപരിവർത്തനമോ നടത്തുകയില്ലെന്ന് കെ. സി. ജോൺ

പവ്വർ വിഷനിലൂടെ മതപ്രചരണമോ മതപരിവർത്തനമോ നടത്തുകയില്ലെന്നും അത്തരമൊരു ലക്ഷ്യം പവ്വർ വിഷനില്ലെന്നും കെ.സി.ജോൺ. ഇതിനു വിരുദ്ധമായ ചില പരിപാടികൾ പവ്വർ വിഷനിൽ കാണാനിടയാകുന്നത് അവ മറ്റുള്ളവർ നടത്തുന്ന സ്പോൺസേഡ് പ്രോഗ്രാം ആയതുകൊണ്ടാണെന്നും കെ.സി. ജോൺ വ്യക്തമാക്കി. പവ്വർ വിഷനിൽ സംപ്രേക്ഷണം ചെയ്യുന്ന 'ഗോഡ് ബ്ലസ്സ് യു' എന്ന പ്രോഗ്രാമിലാണ് പവ്വർ വിഷന്റെ ചെയർമാനായ കെ.സി.ജോൺ ചാനലിന്റെ നയം വ്യക്തമാക്കിയത്. (കൂടുതൽ വിവരങ്ങൾക്ക്: www.tsbalan.com/youtube.html)

പവ്വർ വിഷൻ എന്നത് പെന്തക്കോസ്ത് ചാനലാണ് എന്നത്രേ ആദ്യമൊക്കെ കേട്ടിരുന്നത്. പക്ഷേ പിന്നീട് ഇതല്പം പരിഷ്ക്കരിച്ച് ക്രൈസ്തവ ചാനൽ എന്നാക്കി. സുവിശേഷപ്രചരണമാണ് ലക്ഷ്യം എന്നും പറഞ്ഞിരുന്നു. പക്ഷേ ഇപ്പോൾ അതുമില്ല. എല്ലാ മതങ്ങളേയും ഒന്നായി കാണുന്ന ചാനലാണത്രേ പവ്വർ വിഷൻ. മതപ്രചരണമെന്നു തോന്നുന്ന ചില പ്രോഗ്രാമുകൾ പവ്വർ വിഷനിൽ ചെയ്യേണ്ടതായി വരുന്നത് ഗതികേടുകൊണ്ടാണത്രേ. ചാനൽ നടത്തിക്കൊണ്ടു പോകാൻ പണം ആവശ്യമാണ്. പണം കിട്ടാൻ ഇത്തരം സ്പോൺസേഡ് പ്രോഗ്രാമുകൾ ആവശ്യമായി വരുന്നു. അതായത്, പണമുണ്ടായിരുന്നെങ്കിൽ ഒരു വിധത്തിലുള്ള മതപ്രചരണവും പവ്വർ വിഷനിൽ ഉണ്ടാകുമായിരുന്നില്ല.

എന്താണു മതം? 'അഭിപ്രായം' എന്നാണ് ആ വാക്കിന്റെ അർത്ഥം. പക്ഷേ ഹിന്ദുമതം, ക്രിസ്തുമതം എന്നൊക്കെ പറയുമ്പോൾ നാം 'അഭിപ്രായം' എന്ന അർത്ഥത്തിലല്ല മതം എന്ന വാക്ക് ഉപയോഗിക്കുന്നത്. ദൈവം, ലോകോല്പത്തി, മരണാനന്തരജീവിതം, ലോകത്തിന്റെ ഭാവി തുടങ്ങിയവയേക്കുറിച്ചുള്ള സിദ്ധാന്തങ്ങളും വിശ്വാസങ്ങളും മതത്തിന്റെ അവിഭാജ്യ ഘടകങ്ങളാണ്. കൃത്യമായ അർത്ഥത്തിൽ പറഞ്ഞാൽ ഹിന്ദുമതം ഒരു മതമല്ല, ഇന്ത്യയിൽ ഉത്ഭവിച്ചു വളർന്ന വിവിധ മതവിശ്വാസങ്ങൾക്കു പൊതുവായി പറയുന്ന പേരാണ്. അതുകൊണ്ടാണ് ഇപ്പോൾ ഹിന്ദുമതം ഇപ്പോൾ പൊതുവെ ഹിന്ദുത്വം എന്ന പേരിൽ അറിയപ്പെടുന്നത്. എന്നാൽ അതല്ല മറ്റു മതങ്ങളുടെ സ്ഥിതി. വിശദാംശങ്ങളിൽ ചില വിയോജിപ്പുകളുണ്ടാകുമെങ്കിലും മതങ്ങൾക്ക് അടിസ്ഥാനപരമായതും പൊതുവായതുമായ ചില വിശ്വാസാചാരങ്ങളുണ്ടാകും. അവ തള്ളിക്കളഞ്ഞാൽ മതം മതമല്ലാതാകും.

ക്രിസ്തുമതം എന്നതു മതമല്ല മാർഗ്ഗമാണ് എന്നും മറ്റും ചിലർ ഭംഗിവാക്കു പറയാറുണ്ടെങ്കിലും മതം എന്നാൽ എന്ത് എന്നു പഠിച്ചിട്ടുള്ളവർക്ക് ഇത്തരം ചെപ്പടി വിദ്യകൾ അംഗീകരിക്കാനാവില്ല. ത്രിയേക ദൈവം, ബൈബിൾ, ഏക രക്ഷകനായ യേശുക്രിസ്തു, കർത്താവിന്റെ രണ്ടാം വരവ് തുടങ്ങിയവയിൽ ചില കൾട്ടുകളൊഴികെയുള്ള എല്ലാ ക്രൈസ്തവ വിഭാഗങ്ങളും വിശ്വസിക്കുന്നു. ക്രിസ്തുമതം എന്നതിന്റെ അവിഭാജ്യ ഘടകങ്ങളാണ് ഇവയൊക്കെ. ഇതൊന്നും പ്രചരിപ്പിക്കുക പവ്വർ വിഷന്റെ ലക്ഷ്യമല്ലെന്നാണ് കെ.സി.ജോൺ ഇപ്പോൾ പറയുന്നത്.

ബൈബിൾ മാത്രമാണു ദൈവവചനം, കർത്താവായ യേശുക്രിസ്തുവിലൂടെ മാത്രമേ നിത്യജീവൻ പ്രാപിക്കാൻ കഴിയൂ എന്നൊക്കെ പവ്വർ വിഷൻ പ്രചരിപ്പിക്കുമോ? പ്രചരിപ്പിക്കുമെങ്കിൽ അതു മതപ്രചരണം തന്നെയാണ്. കാരണം, മേല്പറഞ്ഞതൊക്കെ മതവിശ്വാസം എന്നതിന്റെ പരിധിയിൽ പെടുന്ന കാര്യങ്ങളാണ്. സുവിശേഷപ്രചരണം എന്നതു മതപ്രചരണമല്ല എന്നു വാദിക്കുന്നവർ വാക്കുകൾ കൊണ്ടു ചെപ്പടിവിദ്യ കാണിക്കുകയാണു ചെയ്യുന്നത്.

മതപരിവർത്തനം എന്നതും പവ്വർ വിഷന്റെ പരിപാടിയല്ല എന്നു കെ.സി.ജോൺ പറയുന്നു. ഒരു സംശയം ചോദിക്കട്ടെ: കർത്താവായ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ച ഒരു അന്യമതക്കാരന് തന്റെ മതത്തിൽ തുടരാനാവുമോ? അവൻ വിശ്വാസസ്നാനം സ്വീകരിക്കണമോ? വിശ്വാസസ്നാനം സ്വീകരിച്ച ഹിന്ദുവും മുസ്ലീമും ഏതു മതത്തിലെ അംഗമാണ്?

ഇതു വായിക്കുന്ന പെന്തക്കോസ്തുകാരോട് ഡിഫെൻഡറിനു പറയാനുള്ളതിതാണ്: നിങ്ങൾ വിശ്വസിച്ചാലും ഇല്ലെങ്കിലും കെ.സി.ജോൺ ചെകുത്താന്റെ സന്തതിയാണ്. പവ്വർ വിഷൻ സാത്താന്റെ ചാനലുമാണ്.

## അനിൽ കൊടിത്തോട്ടം ദയവായി വങ്കന്മാരെ വെറുതെ വിടണം

ക്രൈസ്തവചിന്തയുടെ ഫെബ്രുവരി ലക്കത്തിൽ അനിൽ കൊടിത്തോട്ടം എഴുതിയ ''ഭാരതം ക്രൈസ്തവരാജ്യമാകുമെന്ന പ്രസംഗങ്ങൾ ശുദ്ധ വങ്കത്തരം'' എന്ന ലേഖനമാണ് ഈ കുറിപ്പിന് ആധാരം. 2020 ആകുമ്പോൾ ഇന്ത്യ ക്രൈസ്തവ രാഷ്ട്രമായി മാറും എന്ന പ്രചരണം ശുദ്ധ വങ്കത്തരമാണെന്നത്രേ അനിൽ പറയുന്നത്. 2020 ആകുമ്പോഴും ഇന്ത്യയിലെ ക്രൈസ്തവരുടെ എണ്ണം മൂന്നു ശതമാനം മാത്രമായിരിക്കുമെന്ന് വങ്കൻമാർ ഒഴികെയുള്ള എല്ലാവർക്കും നന്നായറിയാം. പക്ഷേ ആഞ്ഞിലിക്ക എന്ന വട്ടുകേസ്സിനെ ചുമന്നുകൊണ്ടു നടക്കാൻ പെന്തക്കോസ്ത് നേതാക്കൻമാർ മത്സരിക്കയാണ്. ശുദ്ധ വങ്കത്തരമായാലും ജനത്തെ ഇളക്കാൻ തികച്ചും അനുയോജ്യമായ ഒരു വിഷയമാണിത്. അതുകൊണ്ട് വങ്കന്മാർ ഇതു പ്രസംഗിക്കട്ടെ. അനിൽ അവരെ ഉപദ്രവിക്കരുത്, അരിപ്രശ്നമല്ലേ.

ക്രൈസ്തവചിന്തയുടെ എഡിറ്ററായ കെ.എൻ.റസ്സൽ അസംബ്ലീസ് ഓഫ് ഗോഡിലെ അംഗമാണ്. അതുകൊണ്ട് ഡിഫെൻഡറിന്റെ വക ഒരു ഉപദേശം: ഈ വങ്കത്തരം ആദ്യം പറഞ്ഞത് എ.ജിയുടെ ഇപ്പോഴത്തെ ഏകസത്യ ദൈവമായ ടി.ജെ.ശാമുവലാണ്. അടുത്തുകൂടാത്ത വിശുദ്ധിയിൽ വസിക്കുന്ന ടി.ജെ.ശാമുവലിനു തെറ്റുപറ്റുകയില്ലെന്നത് എ.ജിയിലുള്ള ഏവർക്കും അറിയാവുന്ന വസ്തുതയാണ്. അതുകൊണ്ട് അനിൽ എഴുതിത്തരുന്നതെല്ലാം പത്രത്തിൽ അടിച്ചുവിട്ട് ടി.ജെ.ശാമുവലിന്റെ കോപത്തിനു പാത്രമാകുന്നത് എ.ജിക്കാരനായ റസ്സലിനു ദോഷം ചെയ്യും. കളി റ്റി.ജെ.യോടു വേണ്ട, ട്ടോ.

## ചുമ്മാ കൗൺസിലിംഗ് നിയന്ത്രിക്കണം

ഹാലേലൂയ്യായുടെ ഫെബ്രുവരി 1 ലക്കത്തിൽ ജോസഫ് ഇടക്കാട്ടിൽ എഴുതിയ 'ചുമ്മാ കൗൺസിലിങ്ങും വിശ്വാസികളും' എന്ന ലേഖനമാണ് ഈ കുറിപ്പിന് ആധാരം. പെന്തക്കോസ്തിൽ നിലനിൽക്കുന്ന ഗൗരവമുള്ള തിൻമകളിൽ ഒന്നിനെതിരെയാണ് ലേഖകൻ പ്രതികരിക്കുന്നത്. കൗൺസിലിംഗ് എന്നത് ചുക്കാണോ ചുണ്ണാമ്പാണോ എന്നുപോലും അറിഞ്ഞുകൂടാത്തവരാണ് പെന്തക്കോസ്തിൽ കൗൺസിലിംഗ് നടത്തുന്നവരിൽ ഭൂരിപക്ഷവും. കുറെ സാരോപദേശം കൊടുത്താൽ കൗൺസിലിംഗായി എന്നാണ് ഇക്കൂട്ടരുടെ ധാരണ.

വ്യാജഡോക്ടർ ചികിത്സ നടത്തിയാലുണ്ടാകുന്ന അപകടം എന്തെന്നു നമുക്കറിയാം. അതിലും ഗുരുതരമായ പ്രശ്നങ്ങളാണ് വ്യാജ കൗൺസിലിംഗുകാർ വരുത്തിവയ്ക്കുന്നത്. പെന്തക്കോസ്തിൽ ആർക്കും ഡോയാകാം. അതുപോലെ, ഏതു കൂട്ടക്ഷര വൈരിക്കും കൗൺസിലിംഗ് നടത്താം. ഗുരുതരമായ ഒരു സ്ഥിതിവിശേഷമാണിത്. ഇതിന് ഒരു പരിഹാരം ഉണ്ടായേ മതിയാകൂ. കൗൺസിലിംഗ് നടത്താൻ ആവശ്യമായ വിദ്യാഭ്യാസ യോഗ്യതയില്ലാത്തവർ കൗൺസിലിംഗ് നടത്തുന്നതു തടഞ്ഞേ മതിയാകൂ.


## വീട്ടിൽ ഒരു ബൈബിൾസ്ക്കൂൾ

വീട്ടിലിരുന്ന്, പരസഹായം കൂടാതെ, ദൈവവചനം പഠിക്കാൻ സഹായകമായ എം.പി.3 ഓഡിയോ സീഡികൾ. കമ്പ്യൂട്ടറിലും വി.സി.ഡി./ഡി.വി.ഡി പ്ലെയറിലും ഉപയോഗിക്കാം. ഒരു സി.ഡിയിൽ 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. 10 സി.ഡികളിലായി 100 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. വില: 900 രൂപ.

**വിഷയവിവരം:**

സി.ഡി.-1: അടിസ്ഥാന വേദോപദേശങ്ങൾ (രക്ഷ, സ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട്, കൂട്ടായ്മ, തിരുവത്താഴം, പ്രാർത്ഥന, വിശ്വാസജീവിതം തുടങ്ങിയവ).

സി.ഡി.-2: കൾട്ടുകൾ (കൾട്ടിന്റെ ലക്ഷണങ്ങൾ, യഹോവാസാക്ഷികൾ, ശാബതുകാർ, ബ്രൻഹാമിസം, റ്റി.പി.എം, മൊർമോൺ, ആത്മാവ്, നരകം, ത്രിത്വം.....).

സി.ഡി.-3: ആത്മലോകം (അദൃശ്യലോകം, കൃപാവരങ്ങൾ, ആത്മവിവശത, ദൈവദൂതൻമാർ, സാത്താന്യ തന്ത്രങ്ങൾ, ഭൂതബാധ, ഒക്കൾട്ട്, വഞ്ചിക്കുന്ന പിശാച്).

സി.ഡി.-4: ദുരുപദേശങ്ങൾ (ഉപദേശവും ദുരുപദേശവും, സ്വർഗ്ഗരാജ്യം, പൗരോഹിത്യം, കൂദാശകൾ, കന്യാമറിയം, വിശുദ്ധൻമാർ, സെന്റ് തോമസ്, പെരുന്നാളുകൾ).

സി.ഡി.5: ലോക മതങ്ങൾ (മതങ്ങളുടെ ഉത്ഭവം, ഹിന്ദുമതം, പ്രജാപതിപ്രശ്നം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം, സിക്ക് മതം, സൊരവാസ്ട്രിയൻ മതം.....).

സി.ഡി.-6: വ്യാഖ്യാനശാസ്ത്രം (പഴയനിയമവ്യാഖ്യാനം, പുതിയനിയമവ്യാഖ്യാനം).

സി.ഡി.-7: ഭാവികാലശാസ്ത്രം (ഭാവികാലവും ബൈബിളും, മരണാനന്തരജീവിതം, യേശുവിന്റെ മടങ്ങിവരവ്, 70 ആഴ്ചവട്ടം, വെളിപ്പാടുപുസ്തകം, ന്യായവിധികൾ).

സി.ഡി.-8: ബൈബിളിൽ തെറ്റുണ്ടോ? (ബൈബിളിൽ തെറ്റുണ്ടെന്നു വാദിക്കുന്നവർ ഉന്നയിക്കുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).

സി.ഡി.-9: ദൈവശാസ്ത്രപരമായ സംശയങ്ങൾ (ദൈവശാസ്ത്രവുമായി ബന്ധപ്പെട്ടുണ്ടാകുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).

സി.ഡി.-10: ധാർമ്മിക പ്രശ്നങ്ങൾ (ആത്മാവിന്റെ പ്രമാണം, വൈവാഹിക പ്രശ്നങ്ങൾ, കുടുംബജീവിതം, മദ്യവും മയക്കുമരുന്നും, ആഭരണപ്രശ്നം തുടങ്ങിയവ).

## നിങ്ങൾക്കും പ്രസംഗകനാകാം

പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങളാണ് ഈ സി.ഡികളിൽ ഉള്ളത്. എം.പി.3 ഫോർമാറ്റിൽ 10 സി.ഡികൾ. ദൈവവചനത്തെ ദുർവ്യാഖ്യാനം ചെയ്യുന്നത് ഒഴിവാക്കുന്നതിനും വസ്തുനിഷ്ഠമായി ദൈവവചനം പ്രസംഗിക്കുന്നതിനും സഹായകം. ദൈവവചനം പ്രസംഗിക്കുന്നവർക്കുവേണ്ടി തയ്യാറാക്കിയത്. വില: 900 രൂപ.

സി.ഡി.-1: പുതിയനിയമം, പ്രോഗ്രസ് റിപ്പോർട്ട്, അജ്ഞാതദേവൻ, പ്രാകൃതമനുഷ്യൻ, എല്ലാം നൻമക്കായി, നിർമ്മല കന്യക, അധർമ്മത്തിന്റെ മർമ്മം, പരിശോധന, ഇവയിലധികമായി, നല്ല ശമര്യാക്കാരൻ.... തുടങ്ങിയവ.

സി.ഡി.-2: സ്നാപകൻ, കള്ളൻമാരുടെ ഗുഹ, മറുരൂപമലയിൽ, ധനവാനും ലാസറും, വചനംജഡമായി, ജീവജലം, സാക്ഷികൾ, എലീമാസ്, ചെന്നായ്ക്കൾ, സുവിശേഷം.

സി.ഡി.-3: നസ്രായൻ, നഷ്ടപ്പെട്ടവ, കാനായിൽ, വേലക്കാർ, ഓഡിനേഷൻ, വിപ്ലവം, പത്തുകന്യകമാർ, സത്യസുവിശേഷം, ന്യായവിധി, സാത്താന്റെ ദൂതൻ.

സി.ഡി.-4: ആത്മീയയുദ്ധം, വേർപാട്, ഓട്ടക്കളത്തിൽ, ഏക മദ്ധ്യസ്ഥൻ, ദുരുപദേശം, ഒനേസിമൊസ്, ഏകലക്ഷ്യം, മരിച്ചവരോടും, പ്രതിരോധം, വ്യാജൻമാർ.

സി.ഡി.-5: ദുരുപദേശക്കാർ, ദൈവമക്കൾ, ദുഷ്ടഹൃദയം, അടിസ്ഥാനം, ശുശ്രൂഷകർ, ഇണയല്ലാപ്പിണ, ശുദ്ധവും അശുദ്ധവും, പിതൃദേശം, ദൃഷ്ടാന്തങ്ങൾ, നല്ല ഇടയൻ.

സി.ഡി.-6: വെളിച്ചം, അത്ഭുതവിടുതൽ, ബലവാൻ, തൈലാഭിഷേകം, അടയാളങ്ങൾ, ദൈവംനട്ടത്, പൂർണ്ണസുവിശേഷം, ദേഹിയും ആത്മാവും, ശരിയായ സ്നാനം......

സി.ഡി.-7: പോരാട്ടം, യേശു ആര്?, സഭയെന്ന ദൈവാലയം, പാതാള ഗോപുരങ്ങൾ, സ്വർഗ്ഗരാജ്യം, ഇടർച്ചക്കാരൻ, പിൻമാറ്റം, മൂപ്പൻമാർ, തിരുവചനം, സൈമണി.

സി.ഡി.-8: മുന്തിരിവള്ളി, തിൻമയ്ക്കെതിരേ, നിത്യജീവൻ, അയയ്ക്കപ്പെട്ടവർ, എഴുന്നേറ്റുനടക്ക, പുനരുത്ഥാനം, നിത്യ പൗരോഹിത്യം, വീണ്ടുംജനനം......

സി.ഡി.-9: സത്യനമസ്ക്കാരം, ഉപവാസം, പാപം ചെയ്യാത്തവർ, കരുണയിൽ, തെറ്റിയൊഴിയുമോ, കുരുടൻമാർ, ശുശ്രൂഷകർ, മൂന്നു പരീക്ഷകൾ, തലീഥ കുമി....

സി.ഡി.-10: മാനസാന്തരപ്പെടുക, മരണപര്യന്തം, സാത്താന്റെ സിംഹാസനം, എല്ലാം കാണുന്നവൻ, ഉണരുക, തുറന്ന വാതിൽ, വാതിൽക്കൽ, ദൈവം മനുഷ്യരോടൊപ്പം.

വില: (ഇന്ത്യയിൽ) 10 സി.ഡികളുടെ സെറ്റ് - 900 രൂപ. രണ്ടു സെറ്റുകളും ചേർത്ത്-1800 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ സ്പീഡ് പോസ്റ്റിൽ അയയ്ക്കുന്നതാണ്. ഏതെങ്കിലും ഒരു സെറ്റ് - US$ 50 or Rs.2000/-. രണ്ടു സെറ്റുകളും ചേർത്ത്- US$ 100 or Rs.4000/-. പോസ്റ്റേജ് സൗജന്യം. യു.എ.ഇ., സൗദി എന്നീ ഗൾഫ് രാജ്യങ്ങളിൽ സി.ഡി നേരിട്ട് എത്തിച്ചുകൊടുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. ബഹ്റിൻ: ബ്രദർ ആൻഡ്രൂസ്: Ph-39892236. മറ്റ് ഗൾഫ് രാജ്യങ്ങളിലുള്ളവർ വിലയും ഇന്ത്യയിലെ അഡ്രസ്സും അയയ്ക്കുക.

വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

പ്രത്യേക ശ്രദ്ധക്ക്: ഡിഫെൻഡറിന്റെ പേരിൽ ചെക്ക്/ഡി.ഡി അയയ്ക്കരുത്. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല.

**Address: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683 542**

# ഒബാമ അന്യഗ്രഹജീവിയാണെന്ന്!

അമേരിക്കൻ പ്രസിഡന്റായ ബറാക് ഒബാമ അന്യഗ്രഹ ജീവിയാണോ? ഈ സംശയം ഉന്നയിക്കുന്നത് ഊളമ്പാറയിലുള്ളവരല്ല അമേരിക്കക്കാർ തന്നെയാണ്. ആദ്യമായി ചന്ദ്രനിൽ കാലു കുത്തിയവരുടെ പിൻതലമുറ ഇത്തരം സംശയവുമായി രംഗത്തു വരുമ്പോൾ ചിലരെങ്കിലും ഈ പ്രശ്നം ഗൗരവമായെടുത്തെന്നുവരാം.

ഒബാമയുടെ സ്ഥാനാർത്ഥിത്വം പ്രഖ്യാപിക്കപ്പെട്ടതു മുതൽ തുടങ്ങിയതാണ് ഈ വിവാദം. അമേരിക്കൻ പ്രസിഡന്റായി ഒബാമ അധികാരമേറ്റിട്ടും പ്രശ്നം അവസാനിക്കുന്നുമില്ല. ആരോ തമാശയ്ക്കുവേണ്ടി ഉന്നയിച്ച ആരോപണമാണിതെന്നു കരുതുന്നവർക്കു തെറ്റി. വളരെ ഗൗരവത്തിലാണ് ചിലർ ഈ പ്രശ്നം പഠനവിധേയമാക്കുന്നത്.

ഒബാമ അന്യഗ്രഹ ജീവിയാണെന്നതിന് എന്താണു തെളിവ് എന്നു ചോദിച്ചേക്കാം. ഈ വിവാദം ഉയർത്തുന്നവർ ചൂണ്ടിക്കാണിക്കുന്ന 'തെളിവുകൾ' ഇവയാണ്:



1. ഒബാമയുടെ പൂർവ്വചരിത്രം അജ്ഞാതമാണെന്നതാണ് ഇവർ ചൂണ്ടിക്കാട്ടുന്ന ആദ്യ തെളിവ്. സെനറ്റർ ആകുന്നതിനു മുൻപ് ഒബാമ എവിടെയായിരുന്നു? ഇന്തോനേഷ്യയിലും ഹാവായിലും മറ്റും ആയിരുന്നു എന്നാണു പറയപ്പെടുന്നത്. ഇത് എത്രത്തോളം ശരിയാണ് എന്ന് ഇവർ ചോദിക്കുന്നു. ചെറുപ്പകാലത്ത് ഒബാമയ്ക്ക് ഇസ്ലാമുമായി ഉണ്ടായിരുന്ന ബന്ധം മറയ്ക്കാനാണ് അദ്ദേഹത്തിന്റെ ചെറുപ്പകാലത്തേക്കുറിച്ചുള്ള വിവരങ്ങൾ പുറത്തുവിടാത്തതെന്ന വാദവും ഇവർ തള്ളിക്കളയുന്നു. സൂപ്പർമാനേപ്പോലെ ഒബാമയും അന്യഗ്രഹത്തിൽ നിന്നു ഭൂമിയിലെത്തിയ വ്യക്തിയായതുകൊണ്ടാണ് അദ്ദേഹത്തിന്റെ ചെറുപ്പകാലം രഹസ്യമായിരിക്കുന്നതത്രേ.

2. ഒരിക്കൽ ഒരു അന്യഗ്രഹജീവി ഭൂമിയിലെത്തിയെന്നും Klattu Barack Diebold എന്നു പറഞ്ഞെന്നുമാണ് കഥ. ഈ വാക്കുകളുടെ അർത്ഥം ''ഒബാമയ്ക്കു വോട്ടു ചെയ്യുക'' എന്നാണത്രേ. ഇതിനൊക്കെ എന്താണു തെളിവ് എന്നു ചോദിക്കാതിരുന്നാൽ പ്രശ്നമില്ല.

3. ആത്മവിവശതയെന്നും മറ്റും നാം വിളിക്കുന്ന രീതിയിലുള്ള അനുഭവം ഒബാമയുടെ പ്രസംഗം കേൾക്കുന്നവർക്ക് ഉണ്ടാകുന്നുണ്ടത്രേ. ഒബാമ പ്രസംഗിക്കുമ്പോൾ ശ്രോതാക്കളിൽ പലരും മറിഞ്ഞുവീഴുന്നു. അന്യഗ്രഹ ജീവിയായ ഒബാമയിൽ നിന്നു പുറപ്പെടുന്ന എന്തോ ശക്തിയാണു വീഴ്ചക്കു കാരണമെന്നത്രേ ഇവരുടെ വാദം.

4. സാധാരണ മനുഷ്യരുടെ കൈകൾ പോലെയല്ല ഒബാമയുടെ കൈകൾ എന്നാണു ചിലർ പറയുന്നത്. കഴുകന്റെ കാലുകളിലും മറ്റും കാണുന്നതുപോലെ ശൽക്കങ്ങൾ ഒബാമയുടെ കൈകളിലുണ്ടത്രേ. വളരെ അടുത്തുചെന്നു നോക്കിയാൽ മാത്രമേ ഇവ കാണാനാകൂ എന്നാണു പറയപ്പെടുന്നത്. ഒബാമ അന്യഗ്രഹ ജീവിയാണെന്നതിന് ഇതും ഒരു തെളിവായി കരുതുന്നു.

5. ഒബാമ തന്നേക്കുറിച്ചു പറയുമ്പോൾ 'പുറത്തുനിന്നുള്ളവൻ' എന്നു സ്വയം വിശേഷിപ്പിക്കാറുണ്ടെന്നും താൻ അന്യഗ്രഹജീവിയാണെന്ന വസ്തുത അദ്ദേഹം ഇതിലൂടെ അംഗീകരിക്കുകയാണെന്നുമത്രേ വാദം.

6. 'മാറ്റത്തിനായി വോട്ടുചെയ്യുക' എന്ന മുദ്രാവാക്യവും ഇവർ തെളിവായി ചൂണ്ടിക്കാട്ടുന്നു. നാളിതുവരെ ഭൂമിയിൽ നിന്നുള്ളവർ ഭരിച്ചിരുന്ന അമേരിക്കയിൽ ഒരു അന്യഗ്രഹജീവി ഭരിക്കുന്നു എന്നതാണത്രേ ആ മാറ്റം.




7. കൈകൾ കാണാത്ത വിധത്തിലുള്ള ഒരു ഫോട്ടോയും ഇക്കൂട്ടർ തെളിവായി ഹാജരാക്കുന്നുണ്ട്. ഈ ചിത്രത്തിൽ ഒബാമയുടെ ചെവി അസ്സാധാരണമായി നീണ്ട രൂപത്തിലാണു കാണുന്നത്. ഇതാണ് ഒബാമയുടെ യഥാർത്ഥ ചിത്രമെന്നാണ് അവകാശവാദം.

8. ഒബാമ അമേരിക്കൻ പ്രസിഡന്റായി സത്യപ്രതിജ്ഞ ചെയ്ത സമയത്ത് ഒരു പറക്കുംതളിക അന്തരീക്ഷത്തിൽ വട്ടം കറങ്ങുന്നത് പലരും കണ്ടത്രേ. ഒബാമയുടെ തെരഞ്ഞെടുപ്പു പ്രചരണകാലത്തും ഇത്തരം ദൃശ്യങ്ങൾ ഉണ്ടായതായി അവകാശവാദമുണ്ട്. ചിലർ ഇതിന്റെ ചിത്രങ്ങൾ എടുത്തെന്നും പറയപ്പെടുന്നു. ചില വീഡിയോകളും പ്രചാരത്തിലുണ്ടെന്നതാണ് ഏറെ വിചിത്രം. പക്ഷേ ഈ ചിത്രങ്ങളും വീഡിയോകളും കൃത്രിമമല്ലെന്നു തെളിയിക്കാൻ ആർക്കും കഴിഞ്ഞിട്ടില്ലെന്നുമാത്രം.

ഇത്രയുമൊക്കെ 'തെളിവുകൾ' ഉണ്ടെങ്കിൽ ഒരാൾ അന്യഗ്രഹ ജീവിയാണെന്നു പറയാൻ കഴിയുമോ? ഈ സിദ്ധാന്തം പ്രചരിപ്പിക്കുന്നവരെങ്കിലും ഇതൊക്കെ വിശ്വസിക്കുന്നുണ്ടോ? സത്യം എന്തുതന്നെ ആയാലും ഈ അമ്മൂമ്മക്കഥ ഇപ്പോൾ ലോകമെമ്പാടും ചർച്ച ചെയ്യപ്പെടുന്നുണ്ട്. മാത്രമല്ല, യൂട്യൂബിലും മറ്റും ഈ വിഷയത്തോടുള്ള ബന്ധത്തിൽ ഒട്ടേറെ വീഡിയോകളുമുണ്ട്.

## പട്ടിയെ തട്ടി, ആസ്തമ മാറി



പട്ടിയും ആസ്തമയും തമ്മിൽ എന്താണു ബന്ധം? ഒരു ബന്ധവുമില്ലെന്നു പറഞ്ഞാൽ സർവ്വരോഗ സംഹാരകനായ മുല്ലക്കര ദേവസ്യ സമ്മതിച്ചു തരുകയില്ല. കാരണം, പട്ടിക്ക് ആസ്തമയുമായുള്ള ബന്ധമെന്തെന്നു നേരിട്ടറിഞ്ഞ ആളാണ് മുല്ലക്കര.

കഠിനമായ ആസ്തമയുള്ള ഒരു സ്ത്രീക്കുവേണ്ടി മുല്ലക്കര പ്രാർത്ഥിക്കുകയാണ്. അപ്പോഴതാ ഒരു പട്ടി കുരയ്ക്കുന്ന ശബ്ദം കേൾക്കുന്നു. ഉടൻ മുല്ലക്കരയ്ക്കു കാര്യം പിടികിട്ടി. രോഗിയായ സ്ത്രീയുടെ വീട്ടിലുള്ള പട്ടിയിലാണു സാത്താൻ കൂടിയിരിക്കുന്നത്. ആ പട്ടിയെ കൊല്ലാതെ ആസ്തമ സൗഖ്യമാകുകയില്ല. മുല്ലക്കര വിവരമൊക്കെ തുറന്നു പറഞ്ഞു. പക്ഷേ തങ്ങൾ ഓമനിച്ചു വളർത്തുന്ന പട്ടിയെ കൊല്ലാൻ ആ വീട്ടികാർ മടിച്ചു. പക്ഷേ രോഗം മാറാൻ മറ്റൊരു വഴിയുമില്ല. എന്തുചെയ്യും? ഒടുവിൽ മനസ്സില്ലാമനസ്സോടെ അവർ പട്ടിയെ വെടിവച്ചു കൊന്നു. അതോടെ ആസ്തമയും മാറി.

ഗുണപാഠം: പട്ടികളെ കൊല്ലൂ, അസ്തമയിൽ നിന്നു രക്ഷനേടൂ.

## ഹാരി ഗോംസിനെ സൂക്ഷിക്കുക



ചെറിയ ഒരു ഇടവേളക്കു ശേഷം അത്ഭുതവീരനായ ഹാരി ഗോംസ് കേരളത്തിലെത്തുന്നു. കോട്ടയം, തൃശൂർ എന്നിവിടങ്ങളിലാണ് ഈ മാന്യദേഹം അനുഗ്രഹം ചൊരിയുക.

ആരാണീ ഹാരി ഗോംസ്? കോയമ്പത്തൂരിലാണ് ഈ മാന്യദേഹത്തിന്റെ താമസം. പക്ഷേ ഉലകം മുഴുവൻ കലാപരിപാടി നടത്തുന്നു. നാളിതുവരെ എന്തൊക്കെ ചെയ്തു? 1993 മുതൽ ക്രൂസേഡുകൾ നടത്തിവരുന്നു. നാളിതുവരെ 189 ക്രൂസേഡുകൾ നടത്തി. അതുകൊണ്ട് എന്തു നേടി എന്നു ചോദിച്ചേക്കാം. 120 ലക്ഷം ആളുകൾ രക്ഷിക്കപ്പെട്ടു. ഗുരുതരമായ രോഗങ്ങൾ ബാധിച്ച 2,40,000 ആളുകൾക്കു സൗഖ്യം ലഭിച്ചു. ഇതൊക്കെ ഡിഫെൻഡർ വെറുതെ പറയുകയാണെന്നു കരുതരുത്. ഈ കണക്കുകൾ ഹാരി ഗോംസിന്റെ സ്വന്തം വെബ്സൈറ്റിലുള്ളതാണ്. സംശയമുള്ളവർ അതൊക്കെ നേരിൽ കാണൂ: harrygomes.com

ചില വർഷങ്ങൾക്കു മുൻപ് ഇയാൾ കേരളത്തിൽ ചില ക്രൂസേഡുകൾ നടത്തിയിരുന്നു. ആ വകയിൽ ലഭിച്ച പേരും പെരുമയും മുതലാക്കി ഗൾഫിലും കുറെ യോഗങ്ങൾ നടത്തി. ഇത്തരം ഒരു യോഗത്തിൽ ഇയാൾ രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതിന്റെ ദൃശ്യങ്ങൾ വീഡിയോയിൽ കണ്ടവർ ഞെട്ടി. പ്രാർത്ഥനയ്ക്കായി എത്തിയ സ്ത്രീകളുടെ തലയിൽ ഒരു കൈ വച്ചാണ് പ്രാർത്ഥന. മറ്റേ കൈ സ്ത്രീകളുടെ ശരീരത്തിലൂടെ ഓടിനടക്കുന്നു. എല്ലാവരും കണ്ണടച്ചു നിൽക്കുന്നതുകൊണ്ട് സംഭവം ആരും കാണുന്നില്ല. പക്ഷേ വീഡിയോ എല്ലാം പകർത്തി. പിന്നീട് കണ്ണുതുറന്നിരുന്നു കണ്ടപ്പോഴാണ് അത്ഭുതരോഗശാന്തിയുടെ ഗുട്ടൻസ് പിടികിട്ടിയത്.



## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

വെബ്സൈറ്റിനേക്കുറിച്ച് മിക്കവരും കേട്ടിരിക്കുമെങ്കിലും എങ്ങനെയാണ് വെബ്സൈറ്റ് ഉണ്ടാക്കുന്നതെന്ന് അറിയാവുന്നവർ ഏറെയില്ല. ഇന്റർനെറ്റ് എന്നത് ഒരു മഹാനഗരമാണെങ്കിൽ ആ നഗരത്തിൽ അല്പം സ്ഥലം വാങ്ങി വീടുണ്ടാക്കുന്നതാണ് വെബ്സൈറ്റ്. പക്ഷേ സ്ഥലം വാങ്ങാനും വീടു വയ്ക്കാനും മറ്റും പലരുടേയും സഹായം ആവശ്യമായിവരും. ഇത്തരം ജോലികളെല്ലാം ഞങ്ങൾ വളരെ കുറഞ്ഞ ചെലവിൽ ചെയ്തുതരുന്നു:

നിങ്ങളുടെ സംഘടന, ബിസിനസ്സ്, സ്ഥാപനം, മിനിസ്ട്രി, സഭ തുടങ്ങി എന്തിനും വെബ്സൈറ്റ് ഉണ്ടാക്കാം. നിങ്ങളുടെ കുടുംബത്തിനുപോലും വെബ്സൈറ്റ് നിർമ്മിക്കാം.

**– നിങ്ങളുടെ പേരിൽ ഡൊമെയ്ൻ രജിസ്റ്റർ ചെയ്യുന്നു.**

**– വെബ്സൈറ്റിന് ആവശ്യമായ സ്പേസ് വാങ്ങുന്നു.**

**– ഹോംപേജ് (ആദ്യ പേജ്) ഉണ്ടാക്കുന്നു.**

**ആകെ ചെലവ് – 2000 രൂപ മാത്രം**

**ഓരോ അധിക പേജിനും 500 രൂപ.**

**കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക: 96564 32921**

RNI No. 68089 / 97
2009 February 16

THE DEFENDER

REGISTERED
KL/ALY/0031/2009-11

# ഡബ്ല്യൂ.എം.ഇ. – ഭോഷ്ക്കു പറയുന്നതാര്?

ചില്ലുകൊട്ടാരത്തിലിരിക്കുന്നവർ കല്ലെറിഞ്ഞു കളിക്കരുത് എന്നു പറയാറുണ്ട്. പക്ഷേ രാജുക്കുട്ടി ചെയ്തതിതാണ്. അതിന്റെ ഫലമാണ് ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്.

രാജുക്കുട്ടിയുടെ തട്ടിപ്പുകളേക്കുറിച്ച് ഒരു ചെറിയ കുറിപ്പു മാത്രമാണ് ആദ്യം ഡിഫെൻഡറിൽ പ്രസിദ്ധീകരിച്ചത്. ഒന്നോ രണ്ടോ ലേഖനങ്ങൾകൂടി എഴുതാനുള്ള പദ്ധതിയും ഡിഫെൻഡറിനുണ്ടായിരുന്നു. പക്ഷേ ആദ്യത്തെ കുറിപ്പു പുറത്തു വന്നതോടെ രാജുക്കുട്ടി ഗുണ്ടായിസവുമായി രംഗത്തെത്തി. ശിങ്കിടികളേക്കൊണ്ട് ഫോൺ വിളിപ്പിച്ചു. രാജുക്കുട്ടിയേക്കുറിച്ചു കൂടുതൽ അന്വേഷിക്കാൻ ഡിഫെൻഡറിനെ പ്രേരിപ്പിച്ചത് ഇതാണ്.

ഗുണ്ടായിസം പ്രയോഗിക്കുന്നതിനു രാജുക്കുട്ടിക്ക് ചില രീതികളൊക്കെയുണ്ട്. രാജുക്കുട്ടി ഒരിക്കലും നേരിട്ടു ഗുണ്ടായിസം കാണിക്കുകയില്ല എന്നതാണ് അതിൽ പ്രധാനം. തള്ളക്കുരങ്ങ് കുട്ടിക്കുരങ്ങൻമാരേക്കൊണ്ടു ചൂടുചോറു വാരിക്കുന്നതുപോലെയാണ് രാജുക്കുട്ടിയും ചെയ്യുന്നത്. മറ്റുള്ളവർ രാജുക്കുട്ടിക്കുവേണ്ടി ഗുണ്ടായിസം കാണിക്കും. ഇതേപ്പറ്റി രാജുക്കുട്ടിയോടു ചോദിച്ചാൽ കൈമലർത്തും. ഇതേ തന്ത്രമാണ് ഡിഫെൻഡറിനോടും രാജുക്കുട്ടി പ്രയോഗിച്ചത്.

രാജുക്കുട്ടിയുടെ തട്ടിപ്പുകൾക്കെതിരെ ഡിഫെൻഡറിൽ കുറിപ്പു വന്നശേഷം രാജുക്കുട്ടിയുടെ ശിങ്കിടികൾ ഡിഫെൻഡർ ഓഫീസിലേക്കു വിളിച്ച് ഭീഷണി മുഴക്കി. ഇതേപ്പറ്റി രാജുക്കുട്ടി പറയുന്നതിങ്ങനെ:

''ഞാൻ ആരേയും ഇതുവരെ ഭീഷണിപ്പെടുത്തിയിട്ടില്ല. ആരെങ്കിലും ഭീഷണിപ്പെടുത്തിയെങ്കിൽ എനിക്ക് അതിൽ ഒരു ഉത്തരവാദിത്വവുമില്ല.''

''എത്ര വിശുദ്ധനായ മനുഷ്യൻ'' എന്ന് ആരും പറഞ്ഞുപോകും. പക്ഷേ ഭീഷണിപ്പെടുത്തിയത് ''ആരെങ്കിലും'' അല്ലെന്ന വസ്തുത തുടർന്നു രാജുക്കുട്ടിതന്നെ സമ്മതിക്കുന്നു: ''എന്നേയും ഡബ്ല്യൂ.എം.ഇയെപ്പറ്റിയും അവാസ്തവമായ പ്രസ്താവന പത്രത്തിൽ കണ്ടപ്പോൾ എന്തുകൊണ്ട് ഇത്തരം സത്യവിരുദ്ധമായ കാര്യങ്ങൾ പ്രസിദ്ധീകരിച്ചതെന്നറിയാൻ ഡബ്ല്യൂ.എം.ഇയിലെ മൂന്നു ദൈവദാസൻമാർ ഫോൺ ചെയ്തു. ഇതു ഞാൻ വിദേശത്തായിരിക്കുമ്പോൾ നടന്ന കാര്യമാണ്. ഞാൻ പറഞ്ഞിട്ടല്ല ഇവർ വിളിച്ചത്.''

ഫോൺ വിളിച്ചത് ഡബ്ല്യൂ.എം.ഇയിലെ ഉപദേശിമാരാണെന്നു രാജുക്കുട്ടി സമ്മതിക്കുന്നു. രാജുക്കുട്ടിയുടെ നല്ലമനസ്സുകൊണ്ടാണ് ഇങ്ങനെ സമ്മതിച്ചതെന്ന് ആരും കരുതേണ്ടതില്ല. കാരണം, വിളിച്ചവരുടെ ഫോൺ നമ്പർ സഹിതം ഡിഫെൻഡറിൽ വാർത്ത വന്നിരുന്നു. ആ ഫോൺ നമ്പരുകൾ ആരുടേതൊക്കെയാണെന്നു കണ്ടെത്താൻ ബുദ്ധിമുട്ടുണ്ടാകുകയില്ല. ഇവരുമായി രാജുക്കുട്ടിക്ക് ഒരു ബന്ധവുമില്ല എന്നു പ്രഖ്യാപിച്ചാൽ കാര്യം കുഴയും. നമ്പർ ഉപയോഗിച്ച് ആളുകളെ കണ്ടെത്തുകയും അവർ ഡബ്ല്യൂ.എം.ഇയിലെ പാസ്റ്റർമാരാണെന്നു തെളിയുകയും ചെയ്താൽ രാജുക്കുട്ടിക്ക് ഉത്തരമില്ലാതാകും. അതുകൊണ്ട് ഇവർ ഡബ്ല്യൂ.എം.ഇയിലെ ഉപദേശിമാരാണെന്നു സമ്മതിക്കേണ്ടതായി വരുകയായിരുന്നു. ഇവർ ഡിഫെൻഡർ ഓഫീസിലേക്കു ഫോൺ വിളിച്ചില്ല എന്നു പറഞ്ഞതുകൊണ്ടും പ്രയോജനമില്ല. കാരണം, ഫോൺ വിളികളുടെ രേഖകൾ ഔദ്യോഗികമായിത്തന്നെ കിട്ടാൻ ബുദ്ധിമുട്ടില്ല. അതുകൊണ്ട് രാജുക്കുട്ടി സത്യം പറയേണ്ടതായി വന്നു.

എന്തിനാണ് ഇവർ ഡിഫെൻഡർ ഓഫീസിലേക്കു വിളിച്ചത്? ഡിഫെൻഡർ സത്യവിരുദ്ധമായ കാര്യങ്ങൾ എന്തിനെഴുതുന്നു എന്നറിയാൻ. പക്ഷേ ഡിഫെൻഡർ സത്യവിരുദ്ധമായി എന്താണെഴുതിയതെന്ന് ഫോൺ വിളിച്ചവരാരും പറഞ്ഞില്ല. രാജുക്കുട്ടിയേക്കുറിച്ചോ ഡബ്ല്യൂ.എം.ഇ സഭയേക്കുറിച്ചോ എഴുതിയാൽ കൊന്നുകളയും എന്ന ഭീഷണിയാണ് ഇവരിൽ നിന്നുണ്ടായത്. ഡിഫെൻഡറിനെ ഭീഷണിപ്പെടുത്തി ഒതുക്കാം എന്നായിരുന്നു



ഇവരുടെ ധാരണ. ഭീഷണിയുമായി വരുന്നവരോട് എങ്ങനെ പെരുമാറണമെന്ന് ഡിഫെൻഡറിനറിയാം. സഹോദരാ, സ്നേഹിതാ എന്നൊന്നുമായിരിക്കില്ല ഡിഫെൻഡർ ഇത്തരക്കാരെ വിളിക്കുക. 'സർപ്പസന്തതീ' എന്നു കർത്താവായ യേശുക്രിസ്തുവിനു വിളിക്കാമെങ്കിൽ ഭീഷണിയുമായി വരുന്ന ശുനകൻമാരെ 'നായിന്റെ മോനേ' എന്നു ഡിഫെൻഡറിനു വിളിക്കാം. ഫോണിലൂടെ വധഭീഷണി മുഴക്കിയ സാരമേയങ്ങളെ ഡിഫെൻഡർ വിളിച്ചതും ഇങ്ങനെതന്നെ.

ഈ ഫോൺ വിളിച്ചവർക്കെതിരെ വ്യാജവാർത്ത പ്രസിദ്ധീകരിക്കുമെന്നു ഡിഫെൻഡർ ഭീഷണിപ്പെടുത്തിയെന്നു രാജുക്കുട്ടി പറയുന്നു. ഇവൻമാരുടെ പേരുപോലും ഡിഫെൻഡറിനറിഞ്ഞുകൂടാ. പിന്നെങ്ങനെ വ്യാജവാർത്തയോ സത്യവാർത്തയോ പ്രസിദ്ധീകരിക്കും?

ഡിഫെൻഡർ നാളിതുവരെ വ്യാജവാർത്ത പ്രസിദ്ധീകരിച്ചിട്ടില്ല. പക്ഷേ സത്യം ഡിഫെൻഡറിലൂടെ പുറത്തു വരുമ്പോൾ ആ വാർത്തകൾ വ്യാജമാണ് എന്നു തല്പര കക്ഷികൾ പ്രചരിപ്പിക്കാറുണ്ട്. എങ്കിലും ഇവരാരും മാനനഷ്ടക്കേസ്സ് കൊടുക്കാൻ ധൈര്യപ്പെടാറുമില്ല. ശക്തമായ നിയമനടപടിയുണ്ടാകും എന്നൊക്കെ പറഞ്ഞു നടക്കുന്നതല്ലാതെ രാജുക്കുട്ടിക്കും കേസ്സ് കൊടുക്കാനുള്ള ധൈര്യമില്ല. പ്രശ്നം കോടതിയിലെത്തിയാൽ സത്യം പുറത്തുവരുമെന്നതുതന്നെ പ്രശ്നം.

പഴയ ഡബ്ല്യൂ.എം.ഇയുടെ സ്വത്തുക്കളൊന്നും രാജുക്കുട്ടിയുടെ കൈവശമില്ല എന്നാണ് രാജുക്കുട്ടിയുടെ അവകാശവാദം. 2005 നവംബർ വരെ ഡബ്ല്യൂ.എം.ഇ സഭകളുടെ സ്വത്തുക്കൾ ആരുടെ പേരിലായിരുന്നു? തട്ടിപ്പും വെട്ടിപ്പും നടന്നിട്ടില്ലെങ്കിൽ അതുവരെ സ്വത്തുക്കൾ ഡബ്ല്യൂ.എം.ഇയുടെ പേരിൽ ആയിരിക്കേണ്ടതാണ്. ആ സ്വത്തുക്കൾ ഇപ്പോൾ ആരുടെ പേരിലാണ്? ആധാരങ്ങൾ മാറ്റിയെഴുതിയോ? ഈ വിഷയത്തിൽ ഡിഫെൻഡറിനു പറയാനുള്ളത് വ്യക്തമായി പറയാം: വേൾഡ് മിഷനറി ഇവാൻജലിസം എന്ന ഡബ്ല്യൂ.എം.ഇയുടെ പേരിൽ ഉള്ള വസ്തുവകകൾ യഥാർത്ഥ ഡബ്ല്യൂ.എം.ഇയുടെ വകയാണ്. അവ അവർക്കു വിട്ടുകൊടുക്കുക. രാജുക്കുട്ടി പറയുന്നതുപോലെ, പഴയ ഡബ്ല്യൂ.എം.ഇയുടെ പേരിൽ വസ്തുവകകൾ ഇല്ലെങ്കിൽ ഒന്നും വിട്ടുകൊടുക്കേണ്ടതില്ല. പക്ഷേ പഴയ ഡബ്ല്യൂ.എം.ഇക്കാർ കേസ്സ് കൊടുത്ത് വസ്തുവകകൾ നേടിയെടുക്കട്ടെ എന്നാണു രാജുക്കുട്ടി അർത്ഥമാക്കുന്നതെങ്കിൽ പൊന്നുമോൻ കുറച്ചധികം കേസ്സ് കളിക്കേണ്ടതായിവരും.

ഡബ്ല്യൂ.എം.ഇയുടെ സ്വത്തുക്കൾ ഏറ്റെടുക്കുക എന്നത് ഉദ്ദേശ്യലക്ഷ്യങ്ങളിൽ ഒന്നായി ഉൾപ്പെടുത്തി പുതിയ ഡബ്ല്യൂ.എം.ഇ ഉണ്ടാക്കിയതിനേക്കുറിച്ചുള്ള ചോദ്യത്തിനു രാജുക്കുട്ടി വിചിത്രമായ മറുപടിയാണു പറയുന്നത്: ''ഇതു കേരളത്തെ ഉദ്ദേശിച്ചല്ല. മറ്റു സ്റ്റേറ്റുകളിൽ പഴയ സംഘടനയോടൊപ്പം ആരെങ്കിലും പോകുകയോ പിൽക്കാലത്ത് അവർക്ക് അബദ്ധം മനസ്സിലാക്കി പെന്തക്കോസ്ത് ഉപദേശത്തിലേക്കു മടങ്ങി വരേണ്ടി വരുകയോ ചെയ്താൽ ഞങ്ങളോടൊപ്പം ചേരുവാൻ താല്പര്യമുണ്ടായാൽ ജനറൽ ബോഡി പാസ്സാക്കുന്ന തീരുമാനപ്രകാരം അത് ഏറ്റെടുക്കുക എന്നതു മാത്രമാണ് ആ പോയന്റുകൊണ്ടുദ്ദേശിക്കുന്നത്. പഴയ സംഘടനയുടെ എതിർപ്പുണ്ടായാൽ ഞങ്ങൾ അത് ഏറ്റെടുക്കുകയുമില്ല''.

പക്ഷേ ഈ പറഞ്ഞതൊന്നുമല്ല രാജുക്കുട്ടി ഉണ്ടാക്കിയ ഡ്യൂപ്ലിക്കേറ്റ് ഡബ്ല്യൂ.എം.ഇയുടെ ഭരണഘടനയിൽ പറയുന്നത്: ''To take over the management of the Independet Church of God in India and the World Missionary Evangelism Church (the former names in which the society was known) with its movable and immovable properties.''

രാജുക്കുട്ടിയുടെ പുതിയ സംഘടന മുൻപ് വേൾഡ് മിഷനറി ഇവാൻജലിസം ചർച്ച് എന്ന പേരിലാണ് അറിയപ്പെട്ടിരുന്നതെന്നും ആ സഭയുടെ സ്ഥാവര ജംഗമ സ്വത്തുക്കൾ ഏറ്റെടുക്കുന്നതിനുവേണ്ടി പുതിയ സംഘടന ഉണ്ടാക്കുന്നു എന്നുമാണ് എഴുതിവച്ചിരിക്കുന്നത്. കേരളത്തിലെ സഭ, കേരളത്തിനു വെളിയിലുള്ള സഭ എന്നുള്ള വ്യത്യാസമൊന്നും ഭരണഘടനയിലില്ല. പക്ഷേ രാജുക്കുട്ടിയുടെ നിലപാട് ശരിയാണെന്നു വാദത്തിനുവേണ്ടി സമ്മതിച്ചുകൊണ്ടു ചോദിക്കട്ടെ: പഴയ ഡബ്ല്യൂ.എം.ഇയുടെ പേരിലുള്ള എന്തെങ്കിലും സ്ഥാവര ജംഗമ സ്വത്തുക്കൾ ഇപ്പോൾ രാജുക്കുട്ടിയുടെ ഡബ്ല്യൂ.എം.ഇയിൽ ഉണ്ടോ? ഉണ്ടെന്നു മാത്രമല്ല അതേയുള്ളൂ എന്നതാണു വസ്തുത. ഇനി വായനക്കാർ പറയൂ: ഇവൻ സാത്താന്റെ സന്തതിയല്ലേ? ഒന്നാംതരം കള്ളനല്ലേ?

## പ്രസംഗം ബോറാകുന്നു

പ്രവചന പുസ്തകങ്ങളിൽ നിന്ന് ഏതെങ്കിലും വാക്യമെടുത്തു ഭാവികാലം പ്രസംഗിച്ചു ജനത്തെ വണ്ടറടിപ്പിക്കുന്നതിൽ വിരുതനാണു രാജുക്കുട്ടി. പക്ഷേ ഈ വിദ്യ ഇപ്പോൾ ഫലിക്കുന്നില്ല. ഡിഫെൻഡറിലൂടെ രാജുക്കുട്ടിയുടെ തട്ടിപ്പുകൾ മാലോകരറിഞ്ഞതോടെ രാജുക്കുട്ടിയുടെ ആത്മവിശ്വാസവും ചോർന്നു. അതുകൊണ്ട് ഇപ്പോൾ രാജുക്കുട്ടിയുടെ പ്രസംഗം പരമ ദയനീയമാണ്. പരസ്പര ബന്ധമില്ലാ തെ എന്തൊക്കെയോ പ്രസംഗിക്കുന്നു. ശ്രോതാക്കൾ ബോറടിക്കുന്നു. വളരെ കുറച്ചു പ്രോഗ്രാമുകൾ മാത്രമേ പണ്ടുമുതൽ രാജുക്കുട്ടിക്ക് ലഭിച്ചിരുന്നുള്ളൂ. പക്ഷേ ഇന്നത്തെ സ്ഥിതി തുടർന്നാൽ ഒരു പണി യുമില്ലാതെ രാജുക്കുട്ടി വീട്ടിലിരിക്കേണ്ടതായി വരും.

**എം.പി.3 സി.ഡികൾ ലോക്ക് ചെയ്യൂ**
**കോപ്പിയടി അസാധ്യമാക്കൂ**

പാട്ടുകൾ, പ്രസംഗങ്ങൾ തുടങ്ങിയവ റൈറ്റ് ചെയ്തിട്ടുള്ള എം.പി.3 സി.ഡികൾ അനധികൃതമായി കോപ്പി ചെയ്യപ്പെടുന്നതു തടയാനായി വളരെ കുറഞ്ഞ ചെലവിൽ ലോക്ക് ചെയ്യാം.

**കൂടുതൽ വിവരങ്ങൾക്ക്: 96564 32921**

## എം.എസ്.ശാമുവലിനെതിരെ പ്രതിഷേധം ശക്തം



കുമ്പനാട് കൺവൻഷനിൽ അന്യദൈവത്തിനു സ്തുതി പാടുകയും വ്യാജം പ്രസംഗിക്കുകയും ചെയ്ത എം.എസ്.ശാമുവലിനെതിരെ ശക്തമായ പ്രതിഷേധവുമായി വിശ്വാസികൾ രംഗത്ത്. വലിയ പണ്ഡിതനാണ് താനെന്നു വരുത്തിത്തീർക്കാൻ ശ്രമിച്ചു പുലിവാലു പിടിക്കുകയാണ് എം.എസ്.ശാമുവൽ ചെയ്തത്.

ബൈബിൾ മാത്രമല്ല മറ്റു മതഗ്രന്ഥങ്ങളും നന്നായി പഠിച്ച മഹാപണ്ഡിതനാണു താൻ എന്നു മാലോകരെ അറിയിക്കുകയും അതിലൂടെ മഹത്വം എടുക്കുകയുമായിരുന്നു ഈ ചങ്ങാതിയുടെ ലക്ഷ്യം. അരവിന്ദാക്ഷമേനോന്റെ കള്ളസാക്ഷ്യം കാസറ്റിൽ കേൾക്കുകയും കേട്ടതെല്ലാം വിശ്വസിക്കയും ചെയ്ത ഈ മാന്യദേഹം വിവരക്കേടിന്റെ മഹാപ്രവാഹമാണ് കുമ്പനാട് കൺവൻഷനിൽ ഒഴുക്കിയത്. പെന്തക്കോസ്തുകാർക്ക് ഖുറാനും വേദങ്ങളും മറ്റും അറിഞ്ഞുകൂടാത്തതുകൊണ്ട് ഒരു വിധത്തിലുള്ള എതിർപ്പും ഉണ്ടാകുകയില്ലെന്നായിരുന്നു ധാരണ. പക്ഷേ ഡിഫെൻഡർ ഈ വിഷയം ഏറ്റെടുക്കുമെന്നോ യൂട്യൂബിലൂടെ പരസ്യപ്പെടുത്തുമെന്നോ എം.എസ്.ശാമുവൽ കരുതിയില്ല.

ഡിഫെൻഡർ വായിച്ചും യൂട്യൂബിൽ ഈ പ്രസംഗം കേട്ടും സത്യം ഗ്രഹിച്ച വിശ്വാസികൾ എം.സ്.ശാമുവലിനെതിരെ നിശിതമായ വിമർശനമാണു നടത്തിവരുന്നത്. കേവലം ഒരുമാസം കൊണ്ട് രണ്ടായിരത്തിലധികം ആളുകൾ ഈ പ്രസംഗം യൂടൂബിൽ കേട്ടുകഴിഞ്ഞു. ഐ.പി.സി ജനറൽ കൗൺസിലിലും എം.എസ്. ശാമുവലിനെതിരെ വിമർശനമുണ്ടായി എന്നതും ശ്രദ്ധേയമാണ്. ഐ. പി.സിയുടെ പ്രഖ്യാപിത വിശ്വാസ പ്രമാണങ്ങളുമായി ഒരു വിധത്തിലും പൊരുത്തപ്പെടാത്ത വേദവിപരീതങ്ങളാണ് എം.എസ്. ശാമുവൽ എഴുന്നെള്ളിച്ചത്.

ഇയാൾ എന്തിന് ഇത്ര ഗുരുതരമായ വിഡ്ഢിത്തം പ്രസംഗിച്ചു എന്നാണ് മിക്കവരും അത്ഭുതത്തോടെ ചോദിക്കുന്നത്. ആ രഹസ്യം ഡിഫെൻഡർ വെളിപ്പെടുത്താം: എം.എസ്.ശാമുവലിന് ഐ.പി.സിയുടെ പ്രസിഡന്റോ സെക്രട്ടറിയോ ആകണം. കുറഞ്ഞപക്ഷം വൈസ് പ്രസിഡന്റെങ്കിലും ആയേ മതിയാകൂ. താൻ വലിയ പണ്ഡിതനാണെന്നു വരുത്തിത്തീർത്താൽ വിശ്വാസികൾ വണ്ടറടിക്കുമെന്നും തനിക്കു വോട്ട് ചെയ്യുമെന്നുമാണ് ഇദ്ദേഹം കരുതുന്നത്. കഴിഞ്ഞവർഷം നടന്ന ശുശ്രൂഷക സമ്മേളനത്തിൽ സ്വന്തം ജീവചരിത്രം അച്ചടിച്ചു വിതരണം നടത്തിയതും ഈ ഉദ്ദേശ്യത്തോടെയാണ്. പക്ഷേ വെളുക്കാൻ തേച്ചതു പാണ്ടായി എന്നതാണു സ്ഥിതി.

Printed, Published and Owned by Anish Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist., Kerala. Printed at: Perumbavoor Printers, Best Complex, Perumbavoor P.O., Ernakulam Dist., Kerala. Published at Anand Bhavan, Near: KSRTC, Perumbavoor. P.O., Ernakulam Dist. Kerala. Editor: Anish Balan